بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 8 | ലക്കം 16

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 ഏപ്രിൽ 20/ ഹി.ശം 1402 ശഹാദത്ത് 20/ ഹി:ഖ 1444 റമളാൻ 28


## അല്ലാഹുവിന്റെ വചനം

شَھۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡہِ الۡقُرۡاٰنُ

ھُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡھُدٰی وَالۡفُرۡقَانِ ۚ

فَمَنۡ شَھِدَ مِنۡکُمُ الشَّھۡرَ فَلۡیَصُمۡہُ (بقرہ:186)

‘സമസ്ത മനുഷ്യർക്കും സന്മാർദായകവും മാർഗദർശനത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.’(2:186)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## فَمَنۡ شَھِدَ مِنۡکُمُ الشَّھۡرَ فَلۡیَصُمۡہُ ؕ

**അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ (രോഗിയോ യാത്രക്കാരനോ അല്ലെങ്കിൽ)അതിൽ(ആ മാസത്തിൽ)വ്രതമനുഷ്ഠിക്കട്ടെ.**

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

شَھۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡہِ الۡقُرۡاٰنُ ھُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡھُدٰی وَالۡفُرۡقَانِ ۚ فَمَنۡ شَھِدَ مِنۡکُمُ الشَّھۡرَ فَلۡیَصُمۡہُ ؕ وَمَنۡ کَانَ مَرِیۡضًا اَوۡ عَلٰی سَفَرٍ فَعِدَّۃٌ مِّنۡ اَیَّامٍ اُخَرَ ؕ یُرِیۡدُ اللّٰہُ بِکُمُ الۡیُسۡرَ وَلَا یُرِیۡدُ بِکُمُ الۡعُسۡرَ ۫ وَلِتُکۡمِلُوا الۡعِدَّۃَ وَلِتُکَبِّرُوا اللّٰہَ عَلٰی مَا ھَدٰىکُمۡ وَلَعَلَّکُمۡ تَشۡکُرُوۡنَ ﴿۱۸۶﴾ وَاِذَا سَاَلَکَ عِبَادِیۡ عَنِّیۡ فَاِنِّیۡ قَرِیۡبٌ ؕ اُجِیۡبُ دَعۡوَۃَ الدَّاعِ اِذَا دَعَانِ ۙ فَلۡیَسۡتَجِیۡبُوۡا لِیۡ وَلۡیُؤۡمِنُوۡا بِیۡ لَعَلَّھُمۡ یَرۡشُدُوۡنَ ﴿۱۸۷﴾

സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ(ആ മാസത്തിൽ)വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളിലാരെങ്കിലും(താൽക്കാലികമായി)രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല.(ഇതാകട്ടെ)നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞതകാണിക്കുന്നതിനും വേണ്ടിയാകുന്നു.

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം, (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം നല്കും;അവൻ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ! അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി.(2:184 - 187)

**സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവൻ സർവശക്തനാണ്. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പുനോൽക്കാനുള്ള ശക്തി നല്കാം.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കഴിവിന്നനുസരിച്ച് അല്ലാഹു നിർബന്ധമാക്കിയിട്ടുള്ള കടമകൾ നിറവേറ്റേണ്ടതാണ്. നോമ്പിനെ കുറിച്ച് അല്ലാഹു പറയുന്നു: **വ അൻതസ്വൂമൂ ഖയ്റുൻല്ലക്കും ഇൻകുൻതും തഅ്‌ലമൂൻ** നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ!

ഫിദ്‌യ നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്തിനാണെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻ വേണ്ടിയാണതെന്ന് അപ്പോൾ മനസ്സിലായി; അതു മുഖേന നോമ്പു നോൽക്കാനുള്ള ഭാഗ്യം കിട്ടുക. ഭാഗ്യം നല്കാൻ അല്ലാഹുവിനു മാത്രമെ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവൻ സർവശക്തനാണ്. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കു പോലും നോമ്പുനോൽക്കാനുള്ള ശക്തി നല്കാം. ഇതു അല്ലാഹുവിന്റെ കൃപകൊണ്ടാണുണ്ടാകുന്നത്. എന്റെ പക്കൽ നല്ലതെന്താണെന്നാൽ മനുഷ്യൻ ദുആ ചെയ്യുക; അല്ലാഹുവേ! ഇത് നിന്റെ ഒരു അനുഗൃഹീതമാസമാണ്. ഞാൻ അതിൽനിന്ന് പിന്തള്ളപ്പെട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. അടുത്ത വർഷം ജീവിച്ചിരിക്കുമോ ഇല്ലേ എന്നറിയുകയില്ല. വിട്ടുപോയ നോമ്പ് പിടിച്ചുവീട്ടാൻ കഴിയുമോ എന്നും അറിയുകയില്ല. അവനോടു തൗഫീഖ് ചോദിക്കുക. അത്തരം മനസ്സുകൾക്ക് അല്ലാഹു ശക്തി പകരുമെന്ന് എനിക്ക് ദൃഢവിശ്വസമുണ്ട്.

അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ മറ്റു സമുദായങ്ങളെപ്പോലെ ഈ ഉമ്മത്തിൽ ഒരു ഉപാധിയും വെക്കുമായിരുന്നില്ല. എന്നാൽ, അവൻ ഉപാധികൾ വെച്ചിട്ടുള്ളത് ഗുണങ്ങൾ ഉദ്ദേശിച്ചുകൊണ്ടാണ്. എന്റെ അഭിപ്രായത്തിൽ അസൽ ഇതുതന്നെയാണ്, മനുഷ്യൻ സത്യതയോടും തികവുറ്റ ആത്മാർഥതയോടുംകൂടി, തന്നെ ഈ മാസത്തിൽ ഭാഗ്യംകെട്ടവനാക്കരുതേ, എന്ന് ദൈവസന്നിധിയിൽ താഴ്മയോടെ അപേക്ഷിച്ചാൽ അല്ലാഹു അവനെ ഭാഗ്യംകെട്ടവനാക്കുകയില്ല. അത്തരം അവസ്ഥയിൽ മനുഷ്യൻ ഇനി റമളാൻമാസത്തിൽ രോഗിയായാലും ആ രോഗം അവന് റഹ്മത്തായിത്തീരുന്നതാണ്. കാരണം നിശ്ചയമായും ജനങ്ങളുടെ എല്ലാ പ്രവൃത്തികളും നിയ്യത്ത് അടിസ്ഥാനമാക്കിയാണ് സ്വീകരിക്കപ്പെടുന്നത്. മുഅ്മിൻ ചെയ്യേണ്ടത് അവൻ സ്വയമേവ അല്ലാഹുവിന്റെ വഴിയിൽ ഉത്സാഹിയായി സ്ഥാപിച്ചുകാണിക്കുക എന്നതാണ്. ആരാണോ നോമ്പിൽ നിന്ന് നിർഭാഗ്യനായിരിക്കുന്നത്, എന്നാൽ, തനിക്ക് ആരോഗ്യമുണ്ടായിരുന്നെങ്കിൽ നോമ്പു പിടിക്കുമായിരുന്നുവെന്ന് അയാൾക്ക് ഉൾക്കടമായ നിയ്യത്തുണ്ടെങ്കിൽ, അവന്റെ മനസ്സ് അതിന് വിലപിക്കുന്നുവെങ്കിൽ മലക്കുകൾ അവനുവേണ്ടി നോമ്പുപിടിക്കുന്നതായിരിക്കും; അവൻ കൗശലക്കാരനാകാൻ പാടില്ലെന്ന് മാത്രം! അങ്ങനെയായാൽ അല്ലാഹു ഒരിക്കലും അവന് അനുഗ്രഹം തടയുകയില്ല.(മൽഫൂദാത്ത് വാള്യം 2, പേജ് 583, പ്രസാധനം ഖാദിയാൻ 2003)

★★★★

## തിരുനബിയുടെ തിരുമൊഴികൾ

### നോമ്പുകാരൻ കളവിൽനിന്ന് രക്ഷപ്പെട്ടിരിക്കണം

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:‘‘ആരാണോ കള്ളം പറയുന്നതിൽനിന്നും അത് പ്രവർത്തിക്കുന്നതിൽനിന്നും പിന്മാറാത്തത് അവൻ വിശപ്പും ദാഹവും സഹിച്ചിരിക്കുന്നതിൽ അല്ലാഹുവിന് ഒരു കാര്യവുമില്ല.’’ അതായത് അയാളുടെ നോമ്പ് വ്യർഥമാണ്.

### പിറവിചന്ദ്രനെ കാണുമ്പോഴുള്ള ദുആ

ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്(റ) നിവേദനം. നബി(സ) തിരുമേനി പിറവി ചന്ദ്രനെ കാണുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു, ‘അല്ലാഹുവേ! ഈ ചന്ദ്രനെ സമാധാനത്തോടേയും ശാന്തിയോടേയും രക്ഷയോടേയും ഞങ്ങൾക്കുമേൽ ഉദിപ്പിക്കേണമേ. എന്റെയും നിന്റെയും നാഥൻ അല്ലാഹുവാകുന്നു. നീ നേർമാർഗത്തിന്റേയും നന്മയുടേയും ചന്ദ്രനാകൂ.’’ (തിർമുദി കിതാബുദ്ദഅ്‌വാത്ത്, ഹദീഖത്തുസ്സാലിഹീൻ ഹദീഥ് നമ്പർ 269,271, ഗ്രന്ഥകർത്താ മലിക് സയ്ഫുർറഹ്മാൻ സാഹിബ്)







ജുമുഅ ഖുത്വ്ബ 2023 മാർച്ച് 17 (സമ്പൂർണ തർജമ)

2022 ജർമനി ജൽസാ സാലാന സമാപന സമ്മേളനത്തിൽ അമീറുൽ മുഅ്മിനീന്റെ പ്രൗഢഗംഭീരമായ പ്രഭാഷണം

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

നബി(സ)തിരുമേനി ഖാത്തുന്നബിയ്യീനും വിശുദ്ധ ഖുർആൻ ഖാത്തമുൽകുതുബുമാകുന്നു. ഇനി മറ്റൊരു കലിമയോ മറ്റൊരു നമസ്കാരമോ ഉണ്ടാകുകയില്ല. എന്തൊന്നാണോ നബി(സ)തിരുമേനി പറഞ്ഞത് അല്ലെങ്കിൽ ചെയ്തു കാണിച്ചത് എന്തൊന്നാണോ വിശുദ്ധ ഖുർആനിലുള്ളത് അതു ഉപേക്ഷിച്ചിട്ട് മോക്ഷം കിട്ടുകയില്ല. അതുപേക്ഷിക്കുന്നവൻ നരത്തിൽപോകുന്നതായിരിക്കും. ഇതാണ് നമ്മുടെ മതവും വിശ്വാസവും (ഹദ്റത്ത് മസീഹ് മൗഊദ്(അ))

"പ്രകൃതിപരമായ ഏതെങ്കിലും കഴിവിനെ മാറ്റിമറിക്കാൻ മതത്തിന് അധികാരമില്ല. അതിനെ യഥാർഥ സ്ഥാനത്ത് ഉപയോഗിക്കാൻ മാർഗദർശനം നല്കാൻ അധികാരമുണ്ട്. ഒരു കഴിവ് ഉദാഹരണത്തിന് റഹം അഥവാ കരുണയിലും അഫ്വിലും അഥവാ മാപ്പുകൊടുക്കുന്നതിലും മാത്രം സമ്മർദം ചെലുത്തരുത്. പ്രത്യുത എല്ലാ കഴിവുകളും ഉപയോഗിക്കുന്നതിന് വസിയ്യത്തു ചെയ്യുക." (ഹദ്റത്ത് മസീഹ് മൗഊദ്(അ))

അനഹ്മദീ മുസ്‌ലിമീങ്ങളിൽ ധാരാളം അനാചാരങ്ങൾ വഴി പ്രാപിച്ചിട്ടുണ്ട്. പക്ഷേ, ചില അഹ്മദികളും അവരിൽ ആകർഷിതരായി തീർന്നിരിക്കുന്നു. അതുകൊണ്ട് നമ്മൾ അതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ തർജമ വായിക്കുന്നതിലേക്കും തഫ്സീർ വായിക്കുന്നതിലേക്കും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

ബഹുഭൂരിഭാഗം സാധാരണ മുസ്‌ലിമീങ്ങളും അജ്ഞരാണ്. നാമമാത്രമുസ്‌ലിം പണ്ഡിതന്മാർ അവരെ കൊണ്ടുപോകുന്ന വഴിയിലൂടെ അവർ നടക്കാൻ തുടങ്ങുന്നു. അനാചാരങ്ങൾ വ്യാപിച്ചുകൊണ്ടുപോകുന്നു. എന്നിട്ടും വിശുദ്ധ ഖുർആനിൽ മാറ്റം വരുത്തി എന്ന ആക്ഷേപം നമ്മുടെമേലും!

**"മുസ്‌ലിമീങ്ങളുടെ പുരോഗതി വിശുദ്ധ ഖുർആനുമായി ബന്ധിതമാണ്."**

"വിശുദ്ധ ഖുർആൻ രത്നങ്ങളുടെ കലവറയാകുന്നു. ജനങ്ങൾ അതിൽനിന്ന് അജ്ഞരാകുന്നു." വിശുദ്ധ ഖുർആനിനെതിരിൽ ഒരു ഇന്ദ്രജാലത്തിനും നില്ക്കാൻ കഴിയുകയില്ല.

തീർച്ചയായും ഓർത്തുകൊള്ളുക! വിശുദ്ധ ഖുർആൻ എത്ര മഹത്തായ ആയുധമാണെന്നാൽ അതിന്റെ മുമ്പിൽ നിരർഥമായ ഒന്നിനും പിടിച്ചു നിൽക്കാൻ തന്റേടമുണ്ടാകുകയില്ല.

**വിശുദ്ധ ഖുർആനിനെ പിൻപറ്റുന്നതിലൂടെ അല്ലാഹുവിനെ കിട്ടുന്നു.**

എല്ലാ ജനതയിലും വന്നിട്ടുള്ള നബിമാരെ വിശ്വസിക്കേണ്ടത് വിശുദ്ധ ഖുർആൻ അനിവാര്യമാക്കിയിരിക്കുന്നു.

വിശുദ്ധഖുർആനിൽ ബാഹ്യമായ ക്രമീകരണത്തിന്റെ ഏർപാടുണ്ട്.

**വിശുദ്ധഖുർആൻ ദൃഢഗാഢപരവും ഖണ്ഡിതവുമായ ഗ്രന്ഥമാകുന്നു.**

"വിശുദ്ധ ഖുർആൻ മുമ്പേ വന്ന ഗ്രന്ഥങ്ങളോടും നബിമാരോടും നന്മ ചെയ്തിരിക്കുന്നു. കഥകളുടെ രൂപത്തിൽ മാത്രം കണ്ടിരുന്ന അവരുടെ അധ്യാപനങ്ങൾക്ക് അത് വൈജ്ഞാനികമായ വർണം നല്കി."

"അല്ലാഹു തന്റെ കൃപാതിരേകംകൊണ്ട്, വിശുദ്ധ ഖുർആൻ ഒരു ജീവസുറ്റതും തെളിമയാർന്നതുമായ ഗ്രന്ഥമാണെന്ന് നമ്മുടെമേൽ വെളിവാക്കിയിരിക്കുന്നു."

"വിശുദ്ധ ഖുർആനിൽ സകലതുമുണ്ട്. എന്നാൽ, ഉൾക്കാഴ്ചയില്ലെങ്കിൽ ഒന്നുംതന്നെ ലഭിക്കുകയില്ല."

"വളരെ പെട്ടന്ന് ദുഃഖിതനാകുന്നവനും അസൂയയുള്ളവനും ക്ഷിപ്രകോപിക്കും വിശുദ്ധ ഖുർആനുമായി ഒരു ബന്ധവുമില്ല. അത്തരക്കാരുടെമേൽ വിശുദ്ധ ഖുർആൻ തുറക്കുകയുമില്ല."

"ഏതെങ്കിലും ജനതയുമായി നമുക്ക് പോരാടേണ്ടി വന്നിട്ടുണ്ടെങ്കിൽ ആ ജനതയുടെമേൽ വിശുദ്ധ ഖുർആൻ മുഖേനതന്നെയാണ് നമ്മൾ വിജയം നേടിയത്. അത് നിരക്ഷരനേയും ഗ്രാമീണനേയും തൃപ്തനാക്കുന്നതുപോലെ ബുദ്ധിമാനായ തത്ത്വജ്ഞാനിക്കും സംതൃപ്തി പ്രദാനം ചെയ്യുന്നു."

"സകല സന്മാർഗങ്ങളിൽനിന്നും ഖുർആനികമായ സന്മാർഗം മാത്രമാണ് ഏറ്റവും ഉന്നതമായ പദവിയിലുള്ളതും മാനുഷിമായ കൈകടത്തലുകളിൽനിന്ന് പരിശുദ്ധമായിട്ടുള്ളതും."

"എല്ലാ ദൈവികവെളിപാടുകളും ദൃഢവിശ്വാസം നല്കുന്നതിനാണ് വന്നിരുന്നതെങ്കിലും വിശുദ്ധ ഖുർആൻ അത്യുന്നതവും അതിരില്ലാത്തതുമായ ദൃഢവിശ്വാസത്തിന് അടിത്തറപാകി."

വിശുദ്ധ ഖുർആനിൽ മാറ്റത്തിരുത്തലുകളുണ്ടെന്ന ആക്ഷേപത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ മറുപടി നല്കുകയും, വിശുദ്ധ ഖുർആനിൽ മാറ്റത്തിരുത്തലുകളുണ്ടെന്ന ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് വിളംബരംചെയ്തു, അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ അവൻ കുറ്റവാളിയാണ്. അവൻ അല്ലാഹുവിന്റെ പക്കൽ മറുപടി പറയേണ്ടതായിവരും. പക്ഷേ, നമ്മുടെമേൽ ആക്ഷേപം ഉന്നയിക്കുന്ന ഇക്കൂട്ടർ തങ്ങളെ അല്ലാഹുവിനെക്കാൾ വലിയവരാണെന്ന് മനസ്സിലാക്കുന്നവരാണ്. അല്ലാഹു അത്തരം ആളുകളുടെ ശർറിൽനിന്ന് എല്ലാ അഹ് മദികളേയും രക്ഷിക്കുമാറാകട്ടെ. അവരുടെ ദ്രോഹം അവരിൽത്തന്നെ മറിച്ചിടുമാറാകട്ടെ.

**റമളാനിൽ വിശുദ്ധ ഖുർആൻ ഓതുന്നതിനും മനസ്സിലാക്കുന്നതിനും ശ്രമിക്കുന്നതോടൊപ്പം ദുആകളിലേക്കും പ്രത്യേകം ശ്രദ്ധിക്കുക.**

പാക്കിസ്താനിലേയും ബുർക്കിനോഫാസോയിലേയും ബംഗ്ലാദേശിലേയും അഹ്മദികൾക്കുവേണ്ടി ദുആയ്ക്കുള്ള ആഹ്വാനം.

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 മാർച്ച് 17/1402 അമാൻ 17**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

വിശുദ്ധ ഖുർആനിന്റെ നിലവാരത്തേയും മഹത്ത്വത്തേയും കുറിച്ചുള്ള വിവരണമാണ് നടന്നു വരുന്നത്. കഴിഞ്ഞ ഏതാനും ആഴ്ചകളായി വിശുദ്ധ ഖുർആനിന്റെ അഭിപ്രായത്തിൽ മതത്തിന്റെ സ്ഥാനമെന്താണ്? മനുഷ്യന്റെ കഴിവുകളിൽ അതിന്റെ നിയന്ത്രണമെന്താണ്? തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മനുഷ്യന്റെ കഴിവുകളിൽ മതത്തിന്റെ നിയന്ത്രണം എന്താണ് എന്ന ചോദ്യത്തിന് ഇഞ്ചീൽ ഒരു മറുപടിയും പറഞ്ഞിട്ടില്ല. ഇഞ്ചീൽ തത്ത്വോപദേശത്തിന്റെ മാർഗങ്ങളിൽനിന്ന് അകന്നു നിൽക്കുകയാണോ? അതേ, ഇഞ്ചിൽ തത്ത്വോപദേശത്തിന്റെ മാർഗങ്ങളിൽനിന്ന് അകന്നുനില്ക്കുകയാണ്! എന്നാൽ, വിശുദ്ധ ഖുർആൻ വളരെ വിശദമായി ആവർത്തി

ച്ചാവർത്തിച്ച് ഈ പ്രശ്നം പരിഹരിച്ചുകൊണ്ട് പറയുന്നു: മനുഷ്യന്റെ സ്വാഭാവിക പ്രകൃതത്തെ മാറ്റിമറിച്ചുകൊണ്ട് ചെന്നായെ ആടാക്കിക്കാണിക്കുക എന്നത് മതത്തിന്റെ നിലവാരമല്ല. അതായത് ശക്തനെ തികച്ചും ബലഹീനനാക്കികാണിക്കുക എന്നത്! എന്നാൽ, മതത്തിന്റെ പരമമായ ലക്ഷ്യം അല്ലാഹു മനുഷ്യനു നൽകിയിട്ടുള്ള, പ്രകൃതിദത്തമായി മനുഷ്യനിൽ അന്തർലീനമായിട്ടുള്ള കഴിവുകളെ, ശക്തികളെ, യോഗ്യതകളെ അതിന്റെ സ്ഥാനത്തും സന്ദർഭോചിതവും പ്രയോഗിക്കുന്നതിനുള്ള മാർഗദർശനം നല്കുക എന്നതാകുന്നു. ഏതെങ്കിലും പ്രകൃതിദത്തമായ കഴിവിനെ മാറ്റിമറിക്കുക എന്നത് മതത്തിന്റെ അധികാരത്തിൽ പെട്ടതല്ല. എന്നാൽ, അങ്ങനെ അവസരോചിതമായി ഉപയോഗിക്കുന്നതിനായുള്ള നിർദേശം നല്കുക എന്നത് അതിന്റെ നിയന്ത്രണത്തിൽ പെട്ടതാകുന്നു. കേവലം ഒരു കഴിവിനെ ഉദാഹരണത്തിന് കരുണ, പൊറുക്കൽ എന്നതിൽ മാത്രം സമ്മർദം ചെലുത്താതെ സകല കഴിവുകളും ഉപയോഗിക്കുന്നതിന് ഉപദേശം നല്കുക, കരുണ കാണിക്കുക, പൊറുത്തുകൊടുക്കുക എന്നതുമാത്രം പറയാതെ ആവശ്യാനുസരണം സാഹചര്യമനുസരിച്ച് എന്തിന്റെ ആവശ്യമാണോ ഉള്ളത് അത് ഉപയോഗിക്കാൻ നിർദേശിക്കുക.യഥാർഥ ഉദ്ദേശ്യം സമുദ്ധാരണവും അഭിവൃദ്ധിയുമാകുന്നു. ഈ ലക്ഷ്യം എത്തരത്തിലാണോ പൂർത്തിയാകുന്നത് അതിന് യത്നിക്കേണ്ടതാണ്. പറയുന്നു: കരുണയിലും പൊറുക്കലിലും മാത്രം സമ്മർദം ചെലുത്താതെ സകല കഴിവുകളും ഉപയോഗിക്കുന്നതിന് ഉപദേശം നല്കേണ്ടതാണ്. കാരണം മനുഷ്യകഴിവുകളിൽ നിങ്ങളുടെ കഴിവും മോശമല്ല. പ്രത്യുത അതിരു കവിഞ്ഞതും ആവശ്യത്തിന് പ്രയോജനപ്പെടാത്തതും ദുരുപയോഗിക്കുന്നതുമാണ് മോശമായ ശക്തി. ആക്ഷേപാർഹമായ മനുഷ്യൻ കേവലം പ്രകൃതിദത്തമായ കഴിവുകൾ കൊണ്ടുമാത്രം ആക്ഷേപാർഹനാകുന്നില്ല. പ്രത്യുത നിങ്ങളുടെ ദുരുപയോഗം കൊണ്ടാണ് അത് ആക്ഷേപാർഹമായിത്തീരുന്നത്. അതിന്റെ ഒരു ചെറിയ ഉദാഹരണം ഇപ്രകാരമാകുന്നു. കായികമായി ശക്തനായ ഒരാൾ തന്റെ ശക്തി പ്രകടിപ്പിക്കുന്നതിന് അക്രമം മാത്രം കാണിക്കുന്നു. അല്ലെങ്കിൽ വല്ല അധികാരവുമുണ്ടെങ്കിൽ അക്രമം കാണിക്കുന്നു. മറ്റുള്ളവരോടു മൃദുലമാനസ്സനായി പെരുമാറുന്നില്ല. സാഹചര്യത്തിനും സന്ദർഭത്തിനുമനുസരിച്ച് തന്റെ കഴിവ് പ്രകടിപ്പിക്കുന്നില്ല. പ്രത്യുത തന്റെ ശ്രേഷ്ഠത പ്രകടിപ്പിക്കുകയും പ്രൗഢി സ്ഥാപിക്കുകയും മാത്രമാണ് ലക്ഷ്യമെങ്കിൽ അത്തരമൊരു വ്യക്തി മോശക്കാരനെന്ന് വിലയിരുത്തപ്പെടും. അയാളുടെ കഴിവുകൾ മോശമല്ല. എന്നാൽ, അതിന്റെ ഉപയോഗം മോശമാകുന്നു. കർമം മോശമാകുന്നു.

തന്റെ നിയോഗോദ്ദേശ്യം വിശുദ്ധ ഖുർആനിന്റെ സത്യത തെളിയിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു എന്നതിനെ പരാമർശിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മുസ്ലിമീങ്ങൾ വിശുദ്ധ ഖുർആനിനെ തികച്ചും മനസ്സിലാക്കിയിട്ടില്ലെന്നത് സത്യമായ വസ്തുതയാകുന്നു. എന്നാൽ, ഖുർആനിന്റെ യഥാർഥ അർഥം വെളിപ്പെടുത്തുക എന്നതാണ് ഇപ്പോൾ ദൈവേച്ഛ. അല്ലാഹു അതിനായാണ് എന്നെ നിയോഗിച്ചിരിക്കുന്നത്. ഞാൻ ദൈവവെളിപാടിലൂടെ വിശുദ്ധ ഖുർആനിനെ മനസ്സിലാക്കിയിരിക്കുന്നു. ഒരു തരത്തിലുള്ള ആക്ഷേപവും വരാൻ പറ്റാത്ത അധ്യാപനങ്ങളാകുന്നു വിശുദ്ധുർആനിന്റേത്! ഒരു തത്ത്വജ്ഞാനിക്കുപോലും ആക്ഷേപം ഉന്നയിക്കാൻ പറ്റാത്തവിധത്തിൽ സുഗ്രാഹ്യമായ അധ്യാപനങ്ങളാൽ നിറഞ്ഞതാണത്.

പിന്നീട് വിശുദ്ധ ഖുർആനിന്റെ മഹത്ത്വത്തെ പരാമർശിച്ച് തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആനിനെ ശ്രദ്ധയോടെ ഗ്രഹിക്കുക. അതിൽ എല്ലാ കാര്യങ്ങളുമുണ്ട്. നന്മകളേയും തിന്മകളേയും കുറിച്ചുള്ള വിശദീകരണങ്ങളുണ്ട്. ഭാവികാലത്തെ കുറിച്ചുള്ള വർത്തമാനങ്ങൾ തുടങ്ങിയവയുണ്ട്. ഒരു ആക്ഷേപവും സാധ്യമല്ലാത്ത മതമാണ് അത് സമർപിച്ചിരിക്കുന്നത്. അത് നല്ലവണ്ണം മനസ്സിലാക്കുക. കാരണം അതിന്റെ അനുഗ്രഹങ്ങളും ഫലങ്ങളും പുതുപുത്തനായി ലഭിച്ചുകൊണ്ടിരിക്കുന്നു. ഇഞ്ചീലിൽ മതത്തെ പൂർണമായി പരാമർശിച്ചിട്ടില്ല. അതിലെ അധ്യാപനങ്ങൾ അക്കാലഘട്ടത്തിലെ സാഹചര്യങ്ങൾക്കനുസരിച്ചുള്ളതായിരിക്കാം. എന്നാൽ, അത് എക്കാലത്തേക്കും എല്ലാ സാഹചര്യങ്ങൾക്കും ഒരിക്കലും അനുകൂലമല്ല. അത് ഏതു കാലഘട്ടത്തിലാണോ ഹദ്റത്ത് ഈസാ(അ) വന്നത് അക്കാലഘട്ടത്തിനനുയോജ്യമായതായിരുന്നു. എന്നാൽ, ഇപ്പോഴില്ല. എല്ലാ രോഗത്തിനുമുള്ള ചികിത്സ പറയുകയും എല്ലാ കഴിവുകൾക്കും ശിക്ഷണം നല്കുകയും വെളിപ്പെട്ടിട്ടുള്ള തിന്മകളെ ദൂരീകരിക്കുന്നതിനുള്ള മാർഗങ്ങൾ പറഞ്ഞുതരികയും ചെയ്തിട്ടുള്ള ഗ്രന്ഥം എന്ന ബഹുമതി വിശുദ്ധ ഖുർആനു മാത്രമേയുള്ളു. അതിനാൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുക. ദുആകൾ ചെയ്തുകൊണ്ടിരിക്കുക. സ്വന്തം ജീവിതരീതികൾ അതിന്റെ അധ്യാപനത്തിന് അനുസരിച്ചാക്കാൻ ശ്രമിക്കുക."

വിശുദ്ധ ഖുർആനിനെ അപഗ്രഥനം ചെയ്യേണ്ടതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദറ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ചടങ്ങുകളിൽനിന്നും അനാചാരങ്ങളിൽനിന്നും വിട്ടുനില്ക്കുന്നത് ഉത്തമമാണ്. അല്ലെങ്കിൽ അതിലൂടെ മെല്ല മെല്ലെ ശരീഅത്തിൽ കൈകടത്താൻ തുടങ്ങുന്നതായിരിക്കും. അത്തരം അനാചാരങ്ങൾക്ക് ചെലവഴിക്കുന്ന സമയം വിശുദ്ധ ഖുർആനിന്റെ അപഗ്രഥനത്തിന് ചെലവഴിക്കുക എന്നതാണ് ഉത്തമമായ മാർഗം. എന്തെങ്കിലും ആചാരങ്ങളോ നിസ്സാര കാര്യങ്ങളോ പറഞ്ഞുകൊടുത്താൽ അതിൽ സമയം ചെലവഴിക്കാനാണ് ആളുകൾ ശ്രമിക്കുന്നത്." ഹദറ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അങ്ങനെയല്ല. വിശുദ്ധഖുർആനിൽ ചിന്തിക്കുന്നതിന് സമയം ചെലവഴിക്കുക. ചിലർ ആചാരങ്ങളിൽ മാത്രം സമയം ചെലവഴിച്ചുകൊണ്ടിരിക്കുന്നു. തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ആചാരങ്ങളുടേയും ദിക്റുകളുടേയും അർഥംതന്നെ ഒട്ടുമിക്ക ആളുകൾക്കും അറിയുകയില്ല. തങ്ങളുടെ ആത്മീയോന്നതിയ്ക്കുള്ള ഏക മാർഗം അതു മാത്രമാണെന്ന് അവർ ധരിക്കുന്നു." ഹദറ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അതിനു പകരമായി ആ സമയം വിശുദ്ധ ഖുർആനിൽ ചെലവഴിക്കുന്നതാണ് കൂടുതൽ ഗുണകരം. ആത്മീയോന്നതി അതിലൂടെയാണ് കരസ്ഥമാക്കാൻ സാധിക്കുക. അനഹ്മദി മുസ്ലിമീങ്ങളിൽ ധാരാളം അനാചാരങ്ങൾ ഇത്തരത്തിൽ കടന്നുകൂടിയിട്ടുണ്ട്. എന്നാൽ, ചില അഹ്മദികളും അതിന്റെ സ്വാധീനവലയത്തിൽ പെട്ടിട്ടുണ്ട്. അതിൽനിന്ന് നമ്മൾ സുരക്ഷിതരാകേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ അർഥവും വിശദീകരണവും വായിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അടുത്താഴ്ച വ്യാഴാഴ്ചയോടെ ചില സ്ഥലങ്ങളിൽ അല്ലെങ്കിൽ ബുധനാഴ്ചയോടെയോ ഇൻശാഅല്ലാഹ് റമളാനും ആരംഭിക്കുന്നതായിരിക്കും. അതിനാൽ ഈ റമളാനിൽ വിശേഷിച്ച് വിശുദ്ധ ഖുർആൻ പഠിക്കുന്നതിലേക്കും പഠിപ്പിക്കുന്നതിലേക്കും മനസ്സിലാക്കുന്നതിലേക്കും പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. ഹദറ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹൃദയം കടുത്തുപോയിട്ടുണ്ടെങ്കിൽ അതിനെ മൃദുലമാക്കുന്നതിനുള്ള മാർഗം വിശുദ്ധ ഖുർആനിനെ ആവർത്തിച്ച് പാരായണം ചെയ്യുക എന്നതാകുന്നു. ദുആയുള്ള സ്ഥലങ്ങളിൽ അതേ ദൈവനുഗ്രഹം തനിക്കും ലഭിക്കണമെന്ന് വിശ്വാസിയുടെ മനസ്സ് ആഗ്രഹിക്കുന്നതാണ്. വിശുദ്ധ ഖുർആനിന്റെ ഉപമ ഒരു ഉദ്യാനം പോലെയാകുന്നു. ഒരു സ്ഥലത്തുനിന്ന് മനുഷ്യൻ ഒരു തരത്തിലുള്ള പൂവ് പറിക്കുന്നു. പിന്നീട് മുന്നോട്ടുപോയി വേറൊരു തരത്തിലുള്ള പൂവ് പറിക്കുന്നു. ചുരുക്കത്തിൽ ഓരോന്നിന്റേയും സാഹചര്യമനുസരിച്ച് ഫലമെടുക്കുക. ഹദറ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അതിലൂടെ ആത്മീയാഭിവൃദ്ധി ഉണ്ടാകുന്നു. തന്നിൽ വിധിവിലക്കുകൾ നടപ്പിൽ വരുത്തുന്നതിലൂടെ മനുഷ്യന് ആത്മീയാഭിവൃദ്ധി ലഭിക്കുന്നു. അല്ലാഹു ചെയ്യാൻ കല്പിച്ചിട്ടുള്ളത് ചെയ്യുകയും ചെയ്യരുതെന്ന് പറഞ്ഞ് വിലക്കിയിട്ടുള്ളതിൽനിന്ന് വിട്ടു നില്ക്കാൻ ശ്രമിക്കുകയും ചെയ്യുക. ഈ തോട്ടത്തിൽനിന്ന് മനുഷ്യൻ തിരഞ്ഞെടുക്കന്നത് അതേ പുഷ്പമാണെന്നതിലേക്ക് ശ്രദ്ധിക്കുക. ഹദറ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ചിലർ എത്രത്തോളം അതിരു കടക്കുന്നുവെന്നാൽ തങ്ങളുടെ അറിവിന്റെ അഹന്തയാൽ വിശുദ്ധ ഖുർആനിന്റെ ചില അധ്യായങ്ങളെ ഉദാഹരണമായി സൂറ യാസീൻ ഇന്ന രീതിയിൽ ഓതിയാൽ ബർക്കത്ത് കിട്ടും ഇല്ലെങ്കിൽ കിട്ടില്ല എന്ന് പറയുന്നു. ഇക്കാര്യങ്ങളെല്ലാം ദൈവമാണെന്നുള്ള വാദങ്ങളാണ്. അതിനാൽ ഇത്തരത്തിലുള്ള വാദങ്ങളിൽനിന്ന് വിശേഷിച്ചും നമ്മൾ വിട്ടുനില്ക്കാൻ ശ്രമിക്കേണ്ടതാണ്.

വിശുദ്ധ ഖുർആനിൽനിന്ന് മുഖം തിരിക്കുന്നത് രണ്ടു രീതിയിലാണ്. ഒന്ന് ബാഹ്യമായിട്ടുള്ള അവഗണന. രണ്ടാമത്തേത് അർഥപരമായ അവഗണന. ഇതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? അവഗണനകൊണ്ടുള്ള ഉദ്ദേശ്യം, ഇതുകൊണ്ട് പ്രവർത്തിക്കാതിരിക്കുക എന്നതാണ്. അല്ലെങ്കിൽ ബാഹ്യമായ നിലയിൽ മനുഷ്യൻ പ്രവർത്തിക്കുന്നില്ല. അല്ലെങ്കിൽ അർഥപരമായ നിലയിൽ പ്രവർത്തിക്കുന്നില്ല.

ഇതു വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശുദ്ധഖുർആനിനെ അവഗണിക്കുന്നത് രണ്ടു രീതിയിലാകുന്നു. ഒന്ന് ബാഹ്യമായ നിലയിൽ. രണ്ട് അർഥപരമായ നിലയിൽ. ദൈവവചനത്തെ ഒരിക്കലും പാരായണം ചെയ്യാതിരിക്കുക എന്നതാണ് ബാഹ്യമായ നിലയിലുള്ള അവഗണന. എപ്രകാരമെന്നാൽ, ഭൂരിഭാഗമാളുകളും മുസ്ലിമെന്ന് പറയപ്പെടുന്നുണ്ടെങ്കിലും വിശുദ്ധ ഖുർആനിന്റെ വാക്കുകൾ പോലും അവർക്ക് അജ്ഞാതമായിരിക്കും. രണ്ടാമത്തേത് അർഥപരമായ നിലയിലുള്ള അവഗണനയാണ്. അതായത് മനുഷ്യൻ പാരായണം ചെയ്യുന്നുണ്ടാകും എന്നാൽ, അതിന്റെ അനുഗ്രഹങ്ങളിലും പ്രകാശങ്ങളിലും കാരുണ്യങ്ങളിലും വിശ്വസമുണ്ടാകുകയില്ല. ചുരുക്കത്തിൽ രണ്ടു അവഗണനകളിൽനിന്നുള്ള ഒരു അവഗണന ആണെങ്കിൽപ്പോലും അതിൽനിന്ന് രക്ഷ നേടേണ്ടതാണ്. ഹദറ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇമാം ജഅ്ഫറിന്റെ മൊഴിയു ണ്ട്: ഇതെത്രത്തോളം ശരിയാണെന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ! അതായത് അദ്ദേഹം പറയുന്നു, ഞാൻ എത്രത്തോളം വചനങ്ങൾ പാരായണം ചെയ്യുന്നുവെന്നാൽ അതൊടൊപ്പം വെളിപാടും ആരംഭിക്കുന്നു. കാര്യം യുക്തിസഹമാണെന്ന് തോന്നുന്നു. ഹദറ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ശരിയാണോ അല്ലേ എന്നത് അല്ലാഹുവിന്നറിയാം. പക്ഷേ, ഇതിൽ യുക്തിയുണ്ട്. അതായത് അദ്ദേഹം പറഞ്ഞോ ഇല്ലേ എന്നതിലല്ല, എന്തായാലും യുക്തിസഹമായ കാര്യമാ

ണ്. കാരണം ഒരേ ഇനത്തിൽപ്പെട്ട ഒരു വസ്തു മറ്റൊരു വസ്തുവിനെ തന്നിലേക്ക് ആകർഷിക്കുന്നു. ഇപ്പോൾ ഇക്കാലഘട്ടത്തിലെ ആളുകൾ നൂറുക്കണക്കിന് കൂട്ടിക്കലർത്തുലുകൾ നടത്തിയിട്ടുണ്ട്. ശിയാക്കൾ വേറെയും സുന്നികൾ വേറയും! ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരിക്കൽ ഒരു ശിയ എന്റെ പിതാവിനോടു പറഞ്ഞു: ഞാനൊരു വാക്യം പറയാം. അതു പറഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ അംഗശുദ്ധിയുടേയും വുളുവിന്റേയുമൊന്നും ആവശ്യം ഉണ്ടാകുന്നതല്ല. ഈയൊരു വാക്യം മാത്രം താങ്കൾക്ക് മതിയാകുന്നതാണ്. ഇതുതന്നെയാണ് വുളുവും ഇതുതന്നെയാണ് ശുദ്ധിവരുത്തലും.

പറയുന്നു: ഇസ്‌ലാമിൽ നിഷേധവും അനാചാരവും അന്തവിശ്വാസവും വഴികേടുമെല്ലാം രൂപം കൊണ്ടത് ഒരു ഏകനായ വ്യക്തിയുടെ വചനങ്ങൾക്ക്, ദൈവിക വചനങ്ങൾക്ക് നല്കുന്നതു പോലെയുള്ള മഹത്ത്വം നല്കുന്നതിലൂടെയാണ്. സ്വഹാബാക്കൾ ഇക്കാരണം കൊണ്ടുതന്നെയാണ് ഹദീഥുകൾക്ക് വിശുദ്ധ ഖുർആനിനെക്കാൾ കുറഞ്ഞ പദവിയാണെന്ന് വിശ്വസിച്ചിരുന്നത്. ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരിക്കൽ ഹദ്റത്ത് ഉമർ(റ) തീരുമാനം കൽപിക്കാൻ ഒരുങ്ങിയപ്പോൾ ഒരു വൃദ്ധ എഴുന്നേറ്റുനിന്ന് പറഞ്ഞു: ഹദീഥിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. അതായത് നബി(സ)തിരുമേനി പറഞ്ഞ കാര്യം ചൂണ്ടിക്കാട്ടി. ഹദീഥുകൾ പിന്നീടാണ് ക്രോഡീകരിക്കപ്പെട്ടതെങ്കിലും ചിലപ്പോൾ ചില സ്വഹാബാക്കൾ എഴുതി വെക്കാറുണ്ടായിരുന്നു എന്നത് ഓർക്കേണ്ടതാണ്. ആ മഹാത്മാവ് പറയുന്നു: ഹദ്റത്ത് ഉമർ(റ) പറഞ്ഞു, ഒരു വൃദ്ധയ്ക്കു വേണ്ടി അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഉപേക്ഷിക്കാൻ എനിക്കാവില്ല. ഇതൊരു സ്ത്രീയുടെ നിവേദനമാണ്. അവർ പറയുന്നതിന് അല്ലാഹുവിന്റെ വചനം വിരുദ്ധമാണ്. അല്ലാഹുവിന്റെ വചനമെന്താണോ പറയുന്നത് അതാണ് ശരി. ഇതാണ് വാസ്തവം അതിനെയാണ് നമ്മൾ ഉൾക്കൊള്ളേണ്ടത്. അങ്ങനെയല്ലെങ്കിൽപ്പിന്നെ അനാചാരങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നതാണ്. അക്കാരണം കൊണ്ടുതന്നെയാണ് മുസ്‌ലിമീങ്ങളിൽ അനാചാരങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നതും. അങ്ങനെ വിശുദ്ധ ഖുർആനിന്റെ യഥാർഥ അധ്യാപനങ്ങളിൽനിന്ന് അവരെ അകറ്റിക്കൊണ്ടിരിക്കുന്നു. ഭൂരിഭാഗം മുസ്‌ലിമീങ്ങളിലും ഇക്കാര്യം കാണാൻ സാധിക്കുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരു ഉദാഹരണം ഞാനിപ്പോൾ പറയുകയുണ്ടായി. അതായത് ഒരു ശിയ പണ്ഡിതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവിനോടു, ഒരു വചനമുണ്ട് അത് ഉരുവിട്ടുകൊണ്ടിരുന്നാൽ പിന്നെ വുളുവിന്റേയും അംഗശുദ്ധി വരുത്തുന്നതിന്റേയും ആവശ്യമില്ലെന്ന് പറയുകയുണ്ടായി. മുസ്‌ലിം പൊതുജനങ്ങളിൽ ഭൂരിഭാഗവും അജ്ഞരാണ്. നാമധാരികളായ ഉലമാവർഗം കാണിച്ചുകൊടുക്കുന്ന വഴിയിലൂടെയാണ് അവർ സഞ്ചരിക്കുന്നത്. അനാചാരങ്ങൾ വർധിച്ചുവരുന്നു. എന്നിരുന്നിട്ടും നമ്മൾ വിശുദ്ധ ഖുർആനിനെ മാറ്റിമറിക്കുന്നുവെന്ന ആക്ഷേപം നമ്മുടെ മേലുണ്ടാകുന്നു.

മുസ്‌ലിമീങ്ങളുടെ അഭിവൃദ്ധി വിശുദ്ധ ഖുർആനുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "മുസ്‌ലിമീങ്ങൾ പൂർണമായ നിലയിൽ വിശുദ്ധ ഖുർആനിനെ അനുധാവനം ചെയ്യുന്നവരും നിയമം പാലിക്കുന്നവരും ആകാത്തിടത്തോളം ഒരു തരത്തിലുള്ള അഭിവൃദ്ധിയും കരസ്ഥമാകുന്നവരാകുകയില്ല. അവർ എത്രത്തോളം വിശുദ്ധ ഖുർആനിൽനിന്ന് അകന്നുകൊണ്ടിരിക്കുന്നുവോ അത്രത്തോളം അവർ അഭിവൃദ്ധിയുടെ പദവികളിൽനിന്നും മാർഗങ്ങളിൽനിന്നും അകന്നുകൊണ്ടിരിക്കുന്നതാണ്. വിശുദ്ധ ഖുർആൻ അനുസരിച്ചുള്ള കർമങ്ങൾ തന്നെയാണ് അഭിവൃദ്ധിയ്ക്കും സന്മാർഗത്തിനും നിമിത്തമാകുന്നത്. അല്ലാഹു അനുവദനീയമായ കച്ചവടത്തേയും കൃഷിയേയും മറ്റു ഉപജീവനമാർഗങ്ങളേയും വിരോധിച്ചിട്ടില്ല. എന്നാൽ, അതാണ് യഥാർഥമായ ലക്ഷ്യമെന്ന് നിശ്ചയിക്കാൻ പാടില്ല. പ്രത്യുത അവയെ ദീനിന്റെ സേവകരെന്ന നിലയിൽ വെക്കേണ്ടതാണ്. സക്കാത്ത് കൊണ്ടുദ്ദേശിക്കുന്നതും ഇതുതന്നെയാണ്. അതായത് ആധനം ദീനിന്റെ സേവകനായിരിക്കണം."(മൽഫൂദാത്ത് വാല്യം 8, പേജ് 29-30, 1984 പതിപ്പ്)

അതുകൊണ്ട് ഒരു മുഅ്മിന് തന്റെ ജീവിതത്തിന്റെ ഉദ്ദേശ്യം ലോകം സമ്പാദിക്കുക എന്നതു മാത്രമായിരിക്കാൻ പാടില്ല. പ്രത്യുത അല്ലാഹു മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം എന്തൊന്നാണോ പറഞ്ഞിട്ടുള്ളത് -അതായത് ശരിയായ ആബിദ് അഥവാ ദൈവാരാധകനായിരിക്കുക, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുക- അവ നമ്മൾ അന്വേഷിക്കേണ്ടതാണ്. സക്കാത്തും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്ന കല്പനയും എന്തിനാണെന്നാൽ, ആധനം സ്വന്തം ആഗ്രഹപൂർത്തീകരണത്തിനു വേണ്ടി മാത്രം ആയിരിക്കാൻ പാടില്ല. പ്രത്യുത അതിനെ ദീനിന്റെ അഭിവൃദ്ധിക്കും അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നതിനും ചെലവഴിക്കേണ്ടതാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ രത്നങ്ങളുടെ കലവറയാകുന്നു. ജനങ്ങൾ അതിനെ കുറിച്ച് അജ്ഞരാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഖേദകരമെന്നു പറയട്ടെ, ആളുകൾ ആവേശത്തോടും ഗൗരവത്തോടും കൂടി വിശുദ്ധ ഖുർനിലേക്ക് ശ്രദ്ധിക്കുന്നില്ല. ലൗകികൻ തന്റെ ലൗകികതയിൽ അല്ലെങ്കിൽ ഒരു കവി തന്റെ കവിതകളിൽ ചിന്തിക്കുന്നുവോ അത്രപോലും വിശുദ്ധ ഖുർആനിൽ ചിന്തിക്കുന്നില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ബട്ടാലയിൽ ഒരു കവിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു കവിതാസമാഹാരമുണ്ട്, അദ്ദേഹം ഒരു പ്രാവശ്യം ഒരു വരി ചൊല്ലി: ഫാർസിയിലുള്ള വരിയാണ്, അതിന്റെ തർജമ ഇപ്രകാരമാണ്: പുഷ്പത്തിന്റെ മുഖത്ത് നോക്കുന്നതുകൊണ്ട് മന്ദമാരുതൻ ലജ്ജിതനായിത്തീരുന്നു. "എന്നാൽ, രണ്ടാമത്തെ വരി അന്വേഷിച്ച് ആറുമാസം ചുറ്റിക്കറങ്ങി നടന്നു." അന്വേഷിച്ചുകൊണ്ടിരുന്നു, ആലോചിച്ചു കൊണ്ടിരുന്നു. "അവസാനം ഒരു ദിവസം തുണിക്കച്ചവടക്കാരന്റെ കടയിൽ തുണിവാങ്ങാൻ പോയി. കച്ചവടക്കാരൻ ഒരുപാട് തരത്തിലുള്ള തുണികൾ അയാളുടെ മുമ്പിൽ എടുത്തിട്ടു. പക്ഷേ, അയാൾക്കൊന്നും ഇഷ്ടമായില്ല. അവസാനം ഒന്നും വാങ്ങാതെ എഴുന്നേറ്റുപോകാൻ തുടങ്ങുമ്പോൾ, നിങ്ങൾ ഇത്രയധികം തുണിയെടുത്തിട്ട് ബുദ്ധിമുട്ടിച്ചുവെന്ന് പറഞ്ഞ് ദേഷ്യപ്പെട്ടു. അപ്പോൾ അയാൾക്ക് തന്റെ കവിതയുടെ രണ്ടാമത്തെ വരി പിടികിട്ടി. തന്റെ കവിത അയാൾ ഇങ്ങനെ പൂർത്തിയാക്കി;

പുഷ്പത്തിന്റെ മുഖത്ത് നോക്കുമ്പോൾ കുളിർത്തെന്നൽ നാണിച്ചുപോകുന്നു. അത് പൂമുട്ടിന്റെ വസ്ത്രത്തെ തുറന്നുവെങ്കിലും അതിനെ വീണ്ടും ഉടുപ്പിക്കാൻ കഴിഞ്ഞില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരു പദ്യത്തിന്റെ വരിക്കായി ആ കവി എത്രത്തോളം പരിശ്രമിച്ചുവോ ഇപ്പോൾ അത്രപോലും ആളുകൾ ഖുർആനിക വചനം മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. പറയുന്നു: "വിശുദ്ധ ഖുർആൻ രത്നങ്ങളുടെ കലവറയാകുന്നു. ജനങ്ങൾ അതിൽനിന്ന് അജ്ഞരാകുന്നു.'

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എത്രത്തോളം രഹസ്യങ്ങളും സൂചനകളും വിശുദ്ധ ഖുർആനിലുണ്ടോ തൗറാത്തിലും ഇഞ്ചീലിലും അതെവിടെയാണുള്ളത്. കൂടാതെ വിശുദ്ധ ഖുർആൻ എല്ലാ വസ്തുതകളേയും കേവലം വാദമെന്ന നിലയിൽ മാത്രമല്ല പരാമർശിച്ചിരിക്കുന്നത്; തൗറാത്തും ഇഞ്ചീലും വാദങ്ങൾമാത്രം പറഞ്ഞതുപോലെ. പ്രത്യുത വിശുദ്ധ ഖുർആൻ തെളിവുകളുടെ അടിസ്ഥാനത്തിലാണ് വാദിച്ചിരിക്കുന്നത്. സുദൃഢവും സുശക്തവുമായ തെളിവുകളില്ലാതെ ഒരു കാര്യവും അത് പരാമർശിക്കുന്നില്ല. വിശുദ്ധ ഖുർആനിന്റെ വാക്ചാതുരിയും സാഹതീയ സൗന്ദര്യവും ഒരു ആകർഷണമുൾക്കൊള്ളുന്നുണ്ട്. ഏപ്രകാരം അതിന്റെ അധ്യാപനത്തിൽ യോഗ്യതയും ആകർഷണവുമുണ്ടോ അപ്രകാരംതന്നെ അതിന്റെ പ്രമാണങ്ങളും സ്വാധീനശക്തിയുള്ളതാണ്."(മൽഫൂദാത്ത് വാല്യം 3 പേജ് 243-244, 1984 പതിപ്പ്)

മറ്റൊരു ഗ്രന്ഥത്തിനും വിശുദ്ധ ഖുർആനിനെ നേരിടാൻ സാധിക്കുകയില്ല. വിശുദ്ധ ഖുർആൻ എല്ലാ ഗ്രന്ഥങ്ങളെക്കാളും മഹത്തരമാകുന്നുവെന്ന് ആ മഹാത്മാവ് പറഞ്ഞതുപോലെത്തന്നെ വീണ്ടും ആ മഹാത്മാവ് പറയുന്നു: അതുപോലെ തന്നെ നബി(സ)തിരുമേനി സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠരാകുന്നു."(മൽഫൂദാത്ത് വാല്യം 3 പേജ് 244, 1984 പതിപ്പ്)

അതിനാൽ വിശുദ്ധ ഖുർആൻ പാരായാണം ചെയ്യുക. പിന്നീട് ഖുർആനിൽ കാണുന്ന കാര്യങ്ങൾക്ക് അവിടെത്തന്നെ അതിന്റെ തെളിവും അന്വേഷിക്കുക. വിശുദ്ധ ഖുർആനെതിരിൽ ഒരു ഇന്ദ്രജാലവും നിലനില്ക്കുന്നതല്ലെന്ന സവിശേഷതയെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഓർക്കുക! നാം വിശുദ്ധ ഖുർആനിനെ സമർപിക്കുന്നു. അതിലൂടെ ഇന്ദ്രജാലം പമ്പകടക്കുന്നു. അതിനുമുമ്പിൽ ഒരു ജാലവിദ്യയും നിനില്ക്കുന്നതല്ല. നമ്മുടെ എതിരാളികളുടെ കൈയിൽ എന്താണുള്ളത്? എന്തിനെയാണ് അവർ കൊണ്ടുനടക്കുന്നത്? നിശ്ചയം ഓർത്തുകൊള്ളുക! വിശുദ്ധ ഖുർആനിൽ അതിമഹത്തായ ആയുധമുണ്ട്. അതിന്റെ മുമ്പി

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

**(മൽഫൂദാത്ത് വാല്യം 1, പേജ് 220)**

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

**(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

താലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ൽ വ്യർഥമായ ഒന്നിനും നിലകൊള്ളാൻ തന്റേടംതന്നെ ഉണ്ടാകുകയില്ല. ഇക്കാരണത്താലാണ് ഒരു കപടവിശ്വാസിക്കും നമ്മുടെ മുമ്പിൽ പിടിച്ചു നിൽക്കാൻ സാധിക്കാത്തത്. സംസാരിക്കാൻ തയ്യാറാകാത്തത്. ഇത് ദിവ്യമായ ആയുധമാകുന്നു. അതൊരിക്കലും മൂർച്ചയില്ലാത്തതാകുന്നില്ല."(മൽഫൂദാത്ത് വാല്യം 5 പേജ് 27, 1984 പതിപ്പ്)

ചുരുക്കത്തിൽ ഇക്കാര്യം നമ്മുടെ ആത്മീയവും ജ്ഞാനപരവുമായ അവസ്ഥ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും എതിരാളികളെ ഖണ്ഡിക്കുന്നതിനും വിശുദ്ധ ഖുർആനിൽ കടുതൽ ചിന്തിക്കേണ്ടതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

വിശുദ്ധ ഖുർആനിനെ പരിപൂർണമായി അനുസരിക്കുകയാണെങ്കിൽ അതിലൂടെ അല്ലാഹുവിനെ പ്രാപിക്കാം എന്ന വസ്തുത പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമുക്ക് ഒരേയൊരു റസൂലും ഒരേയൊരു വിശുദ്ധഖുർആനുമാണുള്ളത്. ഏതൊരു റസൂലിനെ പിൻപറ്റിയാണോ നമുക്ക് അല്ലാഹുവിനെ പ്രാപിക്കാൻ സാധിക്കുന്നത് ആ റസൂലിനാണ് അതിറങ്ങിയത്. ഈയിടെയായി ഫുഖ്റാഅ് പുറത്തിറക്കിയിട്ടുള്ള മാർഗങ്ങളും സിംഹാസനാരൂഢരുടേയും സിദ്ധന്മാരുടെ പീഠത്തിലിരിക്കുന്നവരുടേയും സയ്ഫീയും."(സയ്ഫി എന്നു പറയുന്നത് മന്ത്രങ്ങളോ ജപങ്ങളോ ആണ്. ആർക്കെങ്കിലും നഷ്ടമുണ്ടാക്കുന്നതിനുവേണ്ടി അത് 40 ദിവസംവരെ നിരന്തരം ചൊല്ലുന്നു) ഈ സയ്ഫീമന്ത്രങ്ങളും" ദുആകളും സ്വലാത്തും ദിക്റുകളുമെല്ലാം മനുഷ്യനെ നേരായ പാതയിൽനിന്ന് തെറ്റിക്കുന്നതിനുള്ള ആയുധങ്ങളാണ്. അതുകൊണ്ട് നിങ്ങൾ അതിനെ വർജിക്കുക. ഈ ആളുകൾ നബി(സ)തിരുമേനിയുടെ ഖാത്തമുൽ അമ്പിയാ ആണെന്നുള്ള സീലിനെ തകർക്കാൻ ആഗ്രഹിച്ചു. അതായത് തങ്ങളുടേതായ ഒരു പ്രത്യേക ശരീഅത്തുണ്ടാക്കി. നിങ്ങൾ ഓർമിച്ചുകൊള്ളുക! വിശുദ്ധഖുർആനും നബി(സ) തിരുമേനിയും പറഞ്ഞിട്ടുള്ളതിനെ പിൻപറ്റുക എന്നതും സുന്നത്താക്കപ്പെട്ട മാർഗങ്ങളായ നമസ്കാരം നോമ്പു തുടങ്ങിയവയുമല്ലാതെ അല്ലാഹുവിന്റെ കൃപയുടേയും ബർക്കത്തുകളുടേയും കവാടങ്ങൾ തുറക്കുന്നതിന് മറ്റൊരു താക്കോലുമില്ലതന്നെ! ഈ വഴികളെ ഉപേക്ഷിച്ചുകൊണ്ട് പുതിയവഴി കണ്ടുപിടിക്കുന്നവർ വഴിതെറ്റിയവരാണ്. അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനെ അനുസരിക്കാതെ മറ്റു മാർഗങ്ങളെ അന്വേഷിക്കുന്നവൻ പരാജിതനായി മരണമടയുന്നതാണ്."(മൽഫൂദാത്ത് വാല്യം 5 പേജ് 125, 1984 പതിപ്പ്)(ജഹാംഗീർ ഉർദു ലുഗാത്ത് പേജ് 923, ജഹാംഗീർ ബുക്സ് ലാഹോർ)

വിശുദ്ധ ഖുർആൻ മുഴുവൻ സമുദായങ്ങളുടേയും നബിമാരെ വിശ്വസിക്കൽ നിർബന്ധമാക്കിയിരിക്കുന്നു എന്ന സവിശേഷതയെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ ആദരവർഹിക്കുന്ന ഗ്രന്ഥമാകുന്നു. അത് സമുദായങ്ങളിൽ ഐക്യത്തിന്റെ അടിത്തറയിട്ടിരിക്കുന്നു. എല്ലാ സമുദായങ്ങളുടേയും നബിമാരെ വിശ്വസിച്ചിരിക്കുന്നു. മുഴുലോകത്തും വിശുദ്ധ ഖുർആൻ കരസ്ഥമായിട്ടുള്ള ഒരു ബഹുമതി അത് ലോകത്തെ സംബന്ധിച്ച് നമുക്ക് നൽകിയിട്ടുള്ള അധ്യാപനം *ലാ നുഫർരിഖു ബയ്ന അഹദിൻമ്മിൻഹും വ നഹ്നു ലഹൂ മുസ്‌ലിമൂൻ*(3:85) എന്നതാണ്. അതായത് അല്ലയോ മുസ്‌ലിമീങ്ങളേ! നിങ്ങൾ പറയുക, ലോകത്തുവന്നിട്ടുള്ള എല്ലാ നബിമാരിലും ഞങ്ങൾ വിശ്വസിക്കുന്നു. ചിലരെ വിശ്വസിക്കുക, ചിലരെ വിശ്വസിക്കാതിരിക്കുക എന്ന വേർതിരിവ് അത് കല്പക്കുന്നില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ) വെല്ലുവിളിച്ചുകൊണ്ട് പറയുന്നു: "ഇത്തരത്തിൽ ഐക്യമുണ്ടാക്കാൻ ആഹ്വാനം ചെയ്യുന്ന മറ്റൊരു ഗ്രന്ഥമുണ്ടെങ്കിൽ പറഞ്ഞുതരിക!" (പേഗാമെ സ്വുൽഹ്, റൂഹാനീ സാഇൻ വാല്യം 23, പേജ് 459)

വിശുദ്ധ ഖുർആനിന്റെ സവിശേഷതകളിലൊന്ന് അത് ബാഹ്യമായ ക്രമം വളരെ കണിശമായി പിന്തുടരുന്നു എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"വിശുദ്ധ ഖുർആൻ ബാഹ്യമായ ക്രമത്തിന് നിഷ്കർഷത പുലർത്തിയതായി കാണാം. വിശുദ്ധ ഖുർആനിന്റെ സാഹതീയ സൗന്ദര്യത്തിന്റെ ഒരു വലിയഭാഗം അതുമായി ബന്ധപ്പെട്ടതാണ്. കാരണം ക്രമാനുഗതത്തെ മുൻനിറുത്തുക എന്നത് സാഹതീയ സൗന്ദര്യത്തിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. മാത്രവുമല്ല മഹത്തായ സമ്പുഷ്ടതയുടെ ഒരു ഭാഗമാണ് അതിൽ യുക്തി നിലനിറുത്തുക എന്നത്. ആരുടെ വചനങ്ങളിലാണോ ക്രമാനുഗതത്വം ഇല്ലാത്തത് അല്ലെങ്കിൽ അതിൽ ന്യൂനത കാണുന്നത് അത്തരം വ്യക്തിയെ ഒരിക്കലും സാഹിത്യമികവ് പുലർത്തുന്ന വ്യക്തിയായി കണക്കാക്കാൻ സാധിക്കുകയില്ല. അതായത് അവസരോചിതമായി വിഷയാവതരണം നടത്തുന്ന വ്യക്തിക്കാണ് സാഹിത്യസമ്പുഷ്ടതയുള്ളത്. അതുപോലെ വിഷയത്തെ പൂർണമായും വലയം ചെയ്യാനും സാധിക്കണം. സാഹിത്യസമ്പുഷ്ടിക്കുവേണ്ടി ഉപയോഗിക്കുന്ന പദങ്ങൾക്ക് സുന്ദരമായ അർഥതലങ്ങളും ഉണ്ടായിരിക്കേണ്ടതുണ്ട്. പദങ്ങളുടെ ക്രമീകരണവും അനിവാര്യമാണ്. അതിനാൽ ആ മഹാത്മാവ് പറയുകയുണ്ടായി, അത്തരം ഒരു വ്യക്തിയെ ഒരിക്കലും സാഹിത്യമേന്മയുള്ള വ്യക്തിയായി നമുക്ക് പറയാൻ പറ്റുകയില്ല. പ്രത്യുത ഏതെങ്കിലും വ്യക്തി അതിരുകടന്ന് അമിതമായി ക്രമാനുഗതത്വം അവഗണിച്ചു കളയുകയാണെങ്കിൽ അയാൾ തീർച്ചയായും ഉന്മാദിയും ഭ്രാന്തനുമാകുന്നു. എന്തുകൊണ്ടെന്നാൽ ആരുടെ പ്രസംഗമാണോ ചിട്ടപ്രകാരമുള്ളതല്ലാത്തത് അവന്റെ ബോധവും ചിട്ടപ്രകാരമുള്ളതല്ല. ക്രമീകരണമില്ലെങ്കിൽ, അതിൽ എന്തെങ്കിലും ബന്ധം കാണുന്നെങ്കിൽ അപ്പോൾ അതിന്റെ അർഥം അവൻ ഭ്രാന്തനാണ്, ആസക്തനാണെന്നാണ്. "അപ്പോൾപ്പിന്നെ വാക്ചാതുരിയുടേയും സാഹതീയ സൗന്ദര്യത്തിന്റേയും വാദമുന്നയിച്ചുകൊണ്ട് അല്ലാഹുവിന്റെ ആ പരിശുദ്ധഗ്രന്ഥം എല്ലാതരത്തിലുള്ള സത്യതയിലേക്കും വിളിക്കുമ്പോൾ, അങ്ങനെയുള്ള അമാനുഷിക ഗ്രന്ഥം ക്രമീകരണമില്ലാതെ സുപ്രധാന ഭാഗമായ സാഹിത്യസമ്പുഷ്ടതയിൽനിന്ന് അധഃപതിച്ചതാകുന്നതെങ്ങനെ?" (തിർയാഖുൽഖുലൂബ്, റൂഹാനീ ഖസാഇൻ വാല്യം 15 പേജ് 456-457 അടിക്കുറിപ്പ്)

വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. വാഗ്വിലാസവും സാഹതീയസൗന്ദര്യവും കൊണ്ട് നിറഞ്ഞതാണ്. അതുകൊണ്ട് അതിൽ ക്രമബദ്ധതഇല്ലാതിരിക്കുക സാധ്യമല്ല. ചില ആക്ഷേപകർ ആക്ഷേപിക്കുന്നതുപോലെ! അടിസ്ഥാനരഹിതമായാണ് അതിനെ കുറിച്ച് ആരോപണമുന്നയിക്കുന്നത്. വിശുദ്ധ ഖുർആനിലെ രണ്ടു ദൃഷ്ടാന്തങ്ങളെ പരാമർശിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ദിവ്യമായ പ്രകാശങ്ങൾ കരസ്ഥമാക്കുന്നതിന് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു മാർഗവുമില്ല. സത്യാസത്യവിവേചനം എന്നെന്നും നില്ക്കുന്നതിനും ഒരു കാലഘട്ടത്തിലും അസത്യത്തിന് സത്യത്തെ നേരിടാൻ സാധിക്കാതിരിക്കുന്നതിനുമായി അല്ലാഹു മുസ്‌ലിം സമുദായത്തിന് അവസാന കാലഘട്ടം വരേക്കും രണ്ട് ദിവ്യദൃഷ്ടാന്തങ്ങൾ പ്രദാനം ചെയ്തിരിക്കുന്നു. ഖുർആനിക വചനങ്ങളുടെ ദൃഷ്ടാന്തം, ഖുർആനിക വചനങ്ങളുടെ സ്വാധീന ദൃഷ്ടാന്തം. അതായത് ഒന്ന് ഖുർആനിക വചനങ്ങളുടേത്. മറ്റൊന്ന് വചനങ്ങളുടെ സ്വാധീനത്തിന്റേത്. രണ്ടു ദൃഷ്ടാന്തങ്ങൾ അതിനെ നേരിടുന്നതിൽ വ്യാജമതങ്ങൾ ആരംഭംമുതലെ പരാജയപ്പെട്ടിരിക്കുകയാണ്. അഥവാ ഖുർആനിക വചനം ഒര ദൃഷ്ടാന്തം മാത്രമായിരുന്നെങ്കിൽ ഖുർആനിക വചനങ്ങളുടെ സ്വാധീനദൃഷ്ടാന്തം ഉണ്ടായിരുന്നില്ലെങ്കിൽ കരുണ ചെയ്യപ്പെട്ട മുഹമ്മദിയ്യ സമുദായത്തിന് വിശ്വാസത്തിന്റെ അടയാളങ്ങളിലും ഈമാനികപ്രകാശങ്ങളിലും എന്തു വർധന ഉണ്ടാകാനാണ്. കാരണം സ്വാത്മപരിത്യാഗവും പവിത്രതയുംമാത്രം ദൃഷ്ടാന്തത്തിന്റെ പരിധിവരെ എത്തുകയില്ല."(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 292 –293, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 1)

പിന്നീട് വിശുദ്ധ ഖുർആനിന്റെ അനുധാവനത്തിൽ ഈ ലോകത്ത് മോക്ഷത്തിന്റെ ലക്ഷണങ്ങളുടെ പ്രകടനത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നബി(സ)തിരുമേനിയുടെ അനുധാവനത്തിന്റെ അടിസ്ഥാനമായ വിശുദ്ധ ഖുർആനെ പിൻപറ്റുന്നതായാൽ ഈ ലോകത്തുതന്നെ മോക്ഷത്തിന്റെ അടയാളം വെളിപ്പെടുന്നതാണ്. കാരണം ഈ ഗ്രന്ഥംതന്നെയാണ് രണ്ടു മാർഗങ്ങളിലൂടേയും ബാഹ്യമായ നിലയിലും ആന്തരികമായ നിലയിലും ന്യൂനതയുള്ള ആത്മാവിനെ പൂർണതയിലെത്തിക്കുന്നതും സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും മോക്ഷം പ്രദാനം ചെയ്യുന്നതും! ഏതൊരു ആളുകളിലാണോ ന്യൂനതകളുള്ള ആത്മാവുള്ളത് അവരിൽ കുറവുകളുണ്ട്. അവരുടെ കുറവിനെ, ബലഹീനതയെ, വിശുദ്ധഖുർആൻ ദൂരീകരിക്കുന്നുവെന്ന് മാത്രമല്ല പ്രത്യുത ഉന്നതമായ നിലവരെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "പ്രത്യക്ഷമായ നിലയിലെങ്ങനെയെന്നാൽ, അതിന്റെ പരാമർശങ്ങൾ എത്രത്തോളും സൂക്ഷ്മവും യാഥാർഥ്യവുമാണെന്നാൽ ദൈവത്തിലെക്കെത്തുന്നതിന് തടസ്സമായി ലോകത്ത് കാണപ്പെടുന്ന എല്ലാ സംശയങ്ങൾക്കും അതിൽ ഉൾപ്പെട്ടുകൊണ്ട് വ്യാപിക്കുന്ന നൂറുക്കണക്കിന് വ്യാജകക്ഷികൾക്കും വഴിപിഴച്ചവരുടെ മനസ്സുകളിൽ രൂഢമൂലമായിക്കൊണ്ടിരിക്കുന്ന നൂറുക്കണക്കിന് തരത്തിലുള്ള ദുഷ്ചിന്തകൾക്കും യുക്തിഭദ്രമായ നിലയിലുള്ള ഖണ്ഡനം അതിലുണ്ട്. എത്രവ്യക്തമായ നിലയിലുള്ള തെളിവുകളും യാഥാർഥ്യങ്ങളും വിശുദ്ധ ഖുർആൻ പരാമർശിക്കുന്നുവെന്നാൽ, അത് സകലസംശയങ്ങളേയും ദൂരീകരിക്കുന്നു. അതിനുള്ള നിബന്ധന മനസ്സിലാക്കുക എന്നതാണ്. മനസ്സിലാകുന്നതിന് മനസ്സിലാക്കിക്കൊടുക്കുന്ന വരുണ്ടാകണം. അവരുടെ വചനങ്ങളിൽനിന്ന് പ്രയോജനമെടുക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അന്ധകാരം നിറഞ്ഞ ഇക്കാലഘട്ടത്തിലേക്ക് ആവശ്യമായ സത്യവും പരിപൂർണവുമായ അധ്യാപനത്തിന്റെ പ്രകാശം സൂര്യനെപ്പോലെ അതിൽ പ്രകാശിക്കുന്നുണ്ട്. ഇക്കാലഘട്ടത്തിലും പരക്കുന്ന അന്ധകാരങ്ങൾ അതായത് മതാധ്യാനങ്ങളിൽനിന്നുള്ള അകൽച്ച, നിർലജ്ജവും വ്യർഥവുമായ കാര്യങ്ങൾ അല്ലെങ്കിൽ ദൈവത്തിൽനിന്നുള്ള അകൽച്ചയുമെല്ലാം അന്ധകാരങ്ങളാകുന്നു. അവ ദൂരീകരിക്കുന്നതിന് പ്രകാശം കരസ്ഥമാക്കുന്നതിന് വിശുദ്ധ ഖുർആനിലേക്ക് മടങ്ങുക! ഇതെല്ലാം അതിൽ അടങ്ങിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇതെല്ലാംതന്നെ അതിൽ സൂര്യനെപോലെ പ്രകാശിക്കുന്നു. അതിൽ സൂര്യനെപോലെ തിളങ്ങുന്നു. എല്ലാ മാനസികരോഗങ്ങൾക്കുമുള്ള ചികിത്സ അതിൽ അടങ്ങിയിരിക്കുന്നു. യഥാർഥമായ ഈശ്വരീയജ്ഞാനങ്ങളുടെ പരാമർശവും അതിൽ നിറഞ്ഞിരിക്കുന്നു.

ഭാവികാലത്ത് വെളിപ്പെടാനുള്ള ഒരു ദൈവിക ജ്ഞാനത്തിന്റെ സൂക്ഷ്മമായ അറിവും അതിൽ ഉൾപ്പെടാത്തതായിട്ടില്ല. ബാഹ്യമായ നിലയിൽ എപ്രകാരമെന്നാൽ അതിനെ പരിപൂർണമായി പിൻപറ്റുന്നതിലൂടെ അത് ഹൃദയത്തെ ശുദ്ധമാക്കുന്നു. പരിപൂർണ അനുധാവനം നിബന്ധനയാകുന്നു. പിൻപറ്റൽ പരിപൂർണമായിരിക്കണം. അത് ഹൃദയത്തെ എപ്രകാരം ശുദ്ധീകരിക്കുന്നുവെന്നാൽ, മനുഷ്യൻ ആന്തരികമായ മാലിന്യങ്ങളിൽനിന്ന് തികച്ചും പരിശുദ്ധനായിക്കൊണ്ട് ദൈവത്തെ പ്രാപിക്കുന്നു. അല്ലാഹുവുമായി ഒരു ബന്ധം സ്ഥാപിതമാകുന്നു. സ്വീകാര്യതയുടെ തെളിച്ചം അവനിൽ ഇറങ്ങാൻ തുടങ്ങുന്നു. ദൈവാനുഗ്രഹങ്ങൾ എത്രത്തോളം അവനെ വലയം വെക്കുന്നുവെന്നാൽ ആപത്ഘട്ടങ്ങളിൽ അവൻ പ്രാർഥിക്കുമ്പോൾ കാരുണ്യത്തിന്റേയും ഔദാര്യത്തിന്റേയും സമഗ്രതയിലൂടെ അല്ലാഹു മറുപടി നല്കുന്നു. ചില സന്ദർഭങ്ങളിൽ അഥവാ അയാൾ ആയിരംതവണ തന്റെ പ്രശ്നങ്ങളുടേയും ദുഃഖങ്ങളുടേയും സമയത്ത് ചോദിക്കുകയാണെങ്കിലും ആയിരംതവണ തന്നെ തന്റെ കാരുണ്യവാനായ യജമാനനിൽ നിന്ന് അങ്ങേയറ്റം വ്യക്തതയോടും ആനന്ദദായകത്തോടും അനുഗൃഹീത വചനങ്ങളിൽ സ്നേഹനിർഭരമായ മറുപടി നല്കുന്നു. അല്ലാഹുവിൽനിന്നുള്ള ഇൽഹാം മഴപോലെ അവനിൽ വർഷിക്കുന്നു. അങ്ങേയറ്റം ശുദ്ധമായൊരു കുപ്പി അത്തർകൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ അവൻ തന്റെ മനസ്സിൽ ദൈവസ്നേഹം നിറഞ്ഞിരിക്കുന്നതായി കാണുന്നു. സ്നേഹത്തിന്റേയും അഭിനിവേശത്തിന്റേയും എത്രമാത്രം പരിശുദ്ധമായൊരു സ്വാദ് അവന് പ്രദാനം ചെയ്യപ്പെടുന്നുവെന്നാൽ അത് അവന്റെ ശരീരേച്ഛയുടെ അതിശക്തമായ ചങ്ങലകളെ പൊട്ടിച്ചും ആ ധൂമപടലത്തിൽനിന്ന് പുറത്തെടുത്തും" അതായത് വൃത്തികെട്ടതും മലിനമായതുമാ പുകയിൽനിന്ന് പുറത്തുകൊണ്ടുവന്ന് യഥാർഥ പ്രേമപാത്രത്തിന്റെ ശീതളവും ആത്മസംതൃപ്തിദായകവുമായി അയാൾക്ക് ഓരോ നിമിഷവും പുതിയ ജീവിതം നല്കിക്കൊണ്ടിരിക്കുന്നതാണ്."(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 345-349, ബാക്കി അടിക്കുറിപ്പിനു അടിക്കുറിപ്പ് നമ്പർ 2)

പിന്നീട് ആ മഹാത്മാവ് പറഞ്ഞു: "വിശുദ്ധ ഖുർആൻ വിശ്വസനീയവും അഖണ്ഡനീയവുമായ വചനമാകുന്നു." അദ്ദേഹം പറയുന്നു: "ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആനെക്കാൾ വലുതായി നമ്മുടെ പക്കൽ ഒരു വചനവും വിശ്വസനീയവും അഖണ്ഡനീയവുമായിട്ടില്ല. അത് അല്ലാഹുവിന്റെ വചനമാകുന്നു. അത് സന്ദേഹങ്ങളുടേയും ഊഹങ്ങളുടേയും മാലിന്യങ്ങളിൽനിന്ന് പരിശുദ്ധമാകുന്നു.

വിശുദ്ധ ഖുർആൻ ലോകത്തുള്ള സമുദായങ്ങളേയും ഒരുമിച്ചു കൂട്ടുന്നതിനാണ് അവതരിച്ചതെന്നതിനെ പരാമർശിച്ച് അവിടന്ന് പറയുന്നു: ദൈവം ആദ്യത്തിൽ ഓരോ സമുദായത്തിനും വെവ്വേറെ പ്രവർത്തനരൂപരേഖയാണ് നല്കിയിരുന്നത്. പിന്നീട് എപ്രകാരം ദൈവം ഏകനാണോ അതുപോലെ അവരും ഏകരായിരിക്കണമെന്ന് ആഗ്രഹിച്ചു. അപ്പോൾ സകലരേയും ഒരുമിച്ചു കൂട്ടുന്നതിന് വിശുദ്ധ ഖുർആൻ അയച്ചു. എന്നിട്ടു പറഞ്ഞു: "ദൈവം സകലസമുദായങ്ങളേയും ഏകസമുദായമാക്കുന്ന ഒരു കാലംവരും. എല്ലാ രാഷ്ട്രങ്ങളും ഏകരാഷ്ട്രമായി മാറും. എല്ലാ ഭാഷകളും ഏകഭാഷയാകും. വിവിധ മതങ്ങൾ എന്തിനാണ് ഉണ്ടായതെന്ന് ജനങ്ങൾ ചോദിക്കുന്നു. കാരണം അക്കാലംവരെ അവരുടെ ബുദ്ധിയും വിവേകവും മാധ്യമങ്ങളും അതിന്റെ കാലത്ത് പരിമിതമായിരിക്കുന്ന വിധത്തിലായിരുന്നു. അതുകൊണ്ട് ആദ്യകാലത്ത് വെവ്വേറെ അയച്ചു. ഇപ്പോൾ എല്ലാവർക്കും ഒന്നിക്കാൻ പറ്റുന്ന കാലം വന്നു. അപ്പോൾ ഒരു സമ്പൂർണ ശരീഅത്ത് വിശുദ്ധ ഖുർആനിന്റെ രൂപത്തിൽ അയച്ചു. എന്നിട്ടു പറഞ്ഞു: എല്ലാ രാജ്യങ്ങളേയും ഒരൊറ്റ രാജ്യമാക്കുന്നതായിരിക്കും. എല്ലാ ഭാഷകളും ഒരൊറ്റ ഭാഷയാക്കുന്നതായിരിക്കും. ഇന്ന് ലോകത്ത് ഗ്ലോബൽ വില്ലേജിന്റെ ഒരു ടേം(term) ഉപയോഗിക്കപ്പെടുന്നുണ്ട്. അതായത് ലോകം ഒന്നായി കഴിഞ്ഞിരിക്കുന്നു. ഒരു നഗരത്തിന്റെ നിലയിലായിരിക്കുന്നു. ഏതായിരുന്നാലും ലോകത്ത് വിവിധ ഭാഷകൾ സംസാരിക്കുന്നവരാണെങ്കിലും വിശുദ്ധ ഖുർആൻ മാത്രമാണ് ലോകത്തെവിടേയുമുള്ള മുസ്ലിമീങ്ങളാണെങ്കിലും ഏതു ജനതയിൽപ്പെട്ട മുസ്ലിമീങ്ങളാണെങ്കിലും അറബിഭാഷ പാരായണം ചെയ്യുന്നതുപോലെ അഞ്ചുനമസ്കാരങ്ങളിലും അതുപയോഗിക്കപ്പെടുന്നു.

മുൻഗ്രന്ഥങ്ങളോടും പ്രവാചകന്മാരോടും വിശുദ്ധഖുർആൻ ഔദാര്യം ചെയ്തിരിക്കുന്നുവെന്നതിനെ പരാമർശിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "വിശുദ്ധ ഖുർആൻ മുമ്പേയുള്ള ഗ്രന്ഥങ്ങളുടെമേലും നബിമാരുടെമേലും ഔദാര്യം ചെയ്തിരിക്കുന്നു. കഥകളുടെ രൂപത്തിലുണ്ടായിരുന്ന അവരുടെ അധ്യാപനങ്ങളെ വി ജ്ഞാനപരമായ വർണം ചാർത്തി. ഞാൻ സത്യമായും പറയുന്നു, വിശുദ്ധ ഖുർആൻ പഠിക്കാത്തിടത്തോളം ഒരു മനുഷ്യനും ഈ ഖിസ്സകളിൽനിന്നും കഥകളിൽനിന്നും മോക്ഷം പ്രാപിക്കാൻ സാധ്യമല്ല. കാരണം *ഇന്നഹൂ ലഖൗലുൻ ഫസ്ലുൻ വ്വമാ ഹുവ ബിൽ ഹസ്ലി* (നിശ്ചയം ഇതൊരു ഖണ്ഡിതമായ വചനമാകുന്നു. ഇത് വിനോദവാക്കല്ല)(86:14-15). അത് മീസാനും മുഹയ്മിനും നൂറും ശിഫായും റഹ്മത്തുമാണ്. ആരാണോ വിശുദ്ധ ഖുർആൻ ഓതുകയും അതിനെ ഖിസ്സയായി മനസ്സിലാക്കുകയും ചെയ്യുന്നത് അവർ വിശുദ്ധ ഖുർആൻ ഓതിയിട്ടില്ല. എന്നല്ല അതിനെ നിന്ദിക്കുകയാണ് ചെയ്തത്. നമ്മുടെ എതിരാളികൾ എന്തുകൊണ്ടാണ് നമ്മുടെ എതിർക്കുന്നതിൽ ഇത്ര തീവ്രസ്വഭാവക്കാരാകുന്നത്? നാം വിശുദ്ധ ഖുർആനിനെ അത് ആദ്യന്തം നൂറും യുക്തിജ്ഞാനവും വിജ്ഞാനവുമാണെന്ന് അല്ലാഹു പറഞ്ഞതുപോലെ കാണിക്കാനാഗ്രഹിക്കുന്നു. വിശുദ്ധ ഖുർആന് ഒരു സാധാരണ കഥയെക്കാൾ മഹത്ത്വം നല്കാതിരിക്കാനാണ് അവർ പരിശ്രമിക്കുന്നത്. നമുക്ക് അതംഗീകരിക്കാൻ കഴിയില്ല. വിശുദ്ധ ഖുർആൻ ജീവനുള്ളതും പ്രകാശനിർഭരവുമായ ഗ്രന്ഥമാണെന്ന് അല്ലാഹുതന്റെ അനുഗ്രഹത്താൽ നമുക്കുമേൽ തുറന്നു കാണിച്ചിരിക്കുന്നു. അതിനാൽ നാം അവരുടെ എതിർപ്പിനെ എന്തിനു ഗൗനിക്കണം?"(മൽഫൂദാത്ത് വാല്യം 3, പേജ് 155,1984 പതിപ്പ്)

വിശുദ്ധ ഖുർആനിന്റെ മഹത്ത്വം വിവരിച്ചുകൊണ്ട് പറഞ്ഞു: "വിശുദ്ധ ഖുർആനിന്റെ മഹത്ത്വത്തിനുള്ള വലിയ വലിയ തെളിവുകളിലൊന്ന് അതിൽ അതിമഹത്തായ ജ്ഞാനങ്ങളുണ്ടെന്നതാണ്. തൗറാത്തിലും ഇഞ്ചീലിലും അത് അന്വേഷിക്കുക പാഴ്‌വേലയാകുന്നു. വ്യർഥമായ പ്രവർത്തിയാകുന്നു. അതൊരിക്കലും അവിടെനിന്ന് ലഭിക്കില്ല. "താഴ്ന്ന നിലവാരത്തിലും ഉന്നത നിലവാരത്തിലുമുള്ളതായ ഓരോ ആൾക്കും താന്താങ്ങളുടെ ബുദ്ധിക്കനുസരിച്ച് വിശുദ്ധ ഖുർആനിന്റെ ജ്ഞാനത്തിൽ ഭാഗഭാക്കാൻ സാധിക്കുന്നതാണ്."(മൽഫൂദാത്ത് വാല്യം 4, പേജ് 381, 1984 പതിപ്പ്)

അതിനാൽ അതിന്റെ അർഥങ്ങളിലും ഉദ്ദേശ്യങ്ങളിലും ചിന്തിക്കാനുള്ള ശീലം ഓരോരുത്തരിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്; അല്ലാഹുവിന്റെ വചനങ്ങളുടെ സൗന്ദര്യത്തെ കുറിച്ച് നമുക്കും അറിവു ലഭിക്കുന്നതിനുവേണ്ടി. വിശുദ്ധ ഖുർആനിലെ വിധിവിലക്കുകളെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധഖുർആനിൽ ആദ്യംമുതൽ അവസാനംവരെ വിധിവിലക്കുകളുടേയും ദൈവകൽപനകളുടേയും വിശദീകരണമുണ്ട്. വിവിധ തരത്തിലുള്ള കൽപനകളുടെ നൂറുക്കണക്കിന് ശാഖകൾ വിവരിച്ചിരിക്കുന്നു." (മൽഫൂദാത്ത് വാല്യം 8, പേജ് 374, 1984 പതിപ്പ്)

ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "പാരായണം ചെയ്യുമ്പോൾ അവ അന്വേഷിക്കേണ്ടതാണ്. പിന്നീട് അവ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. അപ്പോൾ മാത്രമെ നമുക്ക് അല്ലാഹുവിന്റെ വചനങ്ങളിൽനിന്ന് യഥാർഥ അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ സാധിക്കുകയുള്ളു." (മൽഫൂദാത്ത് വാല്യം 8, പേജ് 376, 1984 പതിപ്പ്)

വിശുദ്ധ ഖുർആനിന്റെ നന്മകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "വിശുദ്ധ ഖുർആൻ വിശ്വസനീയവും അഖണ്ഡനീയവുമായ ദൈവവചനങ്ങളാണെന്ന് മനസ്സിലാക്കുക. അതിൽ മനുഷ്യന്റെ ഒരു വള്ളിയോ പുള്ളിയോ കൈകടത്തലോ ഇല്ല. അതിന്റെ പദങ്ങളോടും അർഥങ്ങളോടുംകൂടി അല്ലാഹുവിന്റെതന്നെ വചനങ്ങളാകുന്നു. ഒരു മുസ്ലിം കക്ഷിക്കും അതംഗീകരിക്കാതെ തരമില്ല. അതായത് അംഗീകരിക്കാതിരിക്കാൻ കഴിയില്ല. അതിലെ ഓരോ ആയത്തുകളും ഉന്നതനിലാവാരത്തിലുള്ള നൈരന്തര്യമുൾക്കൊള്ളുന്നതാകുന്നു. അത് "വഹിമത്‌ലുഅ്" അതായത് ആവർത്തിച്ചാവർത്തിച്ച് ഓതപ്പെടുന്ന വെളിപ്പാട്. അതിലെ ഓരോ അക്ഷരവും എണ്ണപ്പെട്ടതാകുന്നു. അതു അതിന്റെ അമാനുഷികത കാരണത്താൽ മാറ്റിത്തിരുത്തലുകളിൽനിന്ന് സുരക്ഷിതമാണ്." (ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 384)

അതിന്റെ ക്രമീകരണം എങ്ങനെയുള്ളതാണെന്നാൽ അതും ഒരു മുഅ്ജിസത്താണ്. മാറ്റത്തിരു

## ത്വാലിബെ ദുആ

'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'

(ജുമുഅ ഖുത്വ്ബ 4-10-2019)


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • കലാമുൽ ഇമാം •

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'

(മൽഫൂദാത്ത് വാല്യം 3, പേജ് 38)

ത്വാലിബെ ദുആ: ANWAR SADAT AND FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ത്തലുകൾ സാധ്യമേയല്ല. അത്തരത്തിലുള്ള ഒരു ദൃഷ്ടാന്തമാകുന്നു. ആരെങ്കിലും ചെയ്യുകാണെങ്കിൽ വിശുദ്ധ ഖുർആനിൽ മാറ്റത്തിരുത്തലുകൾ വരുത്തി എന്ന് അവനെങ്ങനെയാണ് പറയാൻ കഴിയുക. വിശുദ്ധ ഖുർആൻ അലങ്കോലപ്പെട്ടാൽ അതിന്റെ യഥാർഥ അവസ്ഥ നിലനില്ക്കുകയേയില്ല. അതിന്റെ വിഷയത്തിന്റെ അന്തസത്തയും നിലനിൽക്കുകയില്ല. വിശുദ്ധ ഖുർആനിന്റെ പദങ്ങളുടെ അഗാധതയും അർഥങ്ങളുടെ സവിശേഷതയും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആനിന്റെ സൂക്ഷ്മജ്ഞാനങ്ങളും യാഥാർഥ്യങ്ങളും കാലഘട്ടത്തിന്റെ അനിവാര്യതയനുസരിച്ചാണ് തുറക്കപ്പെടുന്നത്. ഉദാഹരണത്തിന് നാം ജീവിക്കുന്ന ഇക്കാലഘട്ടത്തിൽ ഖുർആനിക ജ്ഞാനത്തിന്നെതിരിൽ ദജ്ജാലീ കക്ഷികളുടെ ആവശ്യം നമുക്ക് വന്നതുപോലെ, ഈ ദജ്ജാലീ കക്ഷികളുടെ കാലഘട്ടം അവർക്ക് ഗോപ്യമായിരുന്നു. നമുക്ക് തുറക്കപ്പെടുകയും ചെയ്തു."(ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 451)

സാഹചര്യത്തിനും സന്ദർഭത്തിനുമനുസരിച്ച് വിഷയങ്ങൾ അതിൽനിന്ന് പുറപ്പെട്ടുകൊണ്ടേയിരിക്കുന്നു. അക്കാലത്ത് അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. അക്കാലത്ത് എപ്രകാരം വ്യാഖ്യാനങ്ങൾ നല്കപ്പെട്ടുവോ അത് അക്കാലഘട്ടത്തിന്റെ അവസ്ഥയ്ക്കനുസൃതമായിരുന്നു. ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നത് ഇന്നത്തെ കാലഘട്ടത്തിന്റെ അവസ്ഥകൾക്കുവേണ്ടിയിട്ടുള്ളതാകുന്നു. ഇതെല്ലാംതന്നെ വിശുദ്ധ ഖുർആനിൽനിന്നാണ് ലഭിക്കുന്നത്. അതിൽനിന്ന് വ്യാഖ്യാനവും ലഭിക്കുന്നു. അതേ പദത്തിൽ ചിന്തിക്കുന്നതിന്റെ ഫലമായി അവയുടെ അർഥവും വ്യക്തമാകുന്നു. ആവശ്യാനുസരണം പദങ്ങളിൽനിന്ന് അർഥങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥം മാത്രമെ അന്ത്യനാൾവരെ നിലനിൽക്കുന്ന ഗ്രന്ഥമാകുകയുള്ളു.

പിന്നീട് വിശുദ്ധ ഖുർആനിന്റെ സൗന്ദര്യത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സ്വഹീഹായ ഹദീഥുകളാലും വ്യക്തമായ ആയത്തുകളാലും സ്ഥാപിക്കപ്പെട്ട വിശുദ്ധ ഖുർആനിന്റെ ആന്തരിക ജ്ഞാനം അനാവശ്യമായി ഒരിക്കലും വെളിപ്പെടുന്നതല്ല. പ്രത്യുത ഈ ഖുർആനിക ദൃഷ്ടാന്തം അതിന്റെ പ്രഭ വെളിപ്പെടുത്തുന്നത് ആ ആന്തരീയ ദൃഷ്ടാന്തത്തിന്റെ വെളിപ്പെടലിന്റെ അനിവാര്യത നേരിടുമ്പോൾ മാത്രമാകുന്നു." (ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 465)

ഈശ്വരീയജ്ഞാനങ്ങളും അതിൽനിന്ന് ലഭിക്കുന്നു. സ്വഹീഹായ ഹദീഥുകളിൽനിന്ന് അത് തെളിയിക്കാൻ സാധിക്കുന്നു. വ്യക്തമായ ആയത്തുകളും ഇതിന് തെളിവുകൾ നല്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആനിൽ സർവവും അടങ്ങിയിരിക്കുന്നു. എന്നാൽ, ദീർഘവീക്ഷണം ഇല്ലാത്തതുവരെ ഒന്നും ലഭിക്കുന്നതല്ല. ഉൾക്കാഴ്ച നിബന്ധനയാകുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന ഒരു വ്യക്തി ഒരു വർഷത്തിൽനിന്ന് അടുത്ത വർഷത്തിൽ കടക്കുമ്പോൾ തന്റെ കഴിഞ്ഞു കടന്ന വർഷത്തിൽ താനൊരു സ്കൂൾ വിദ്യാർഥിയായി മനസ്സിലാക്കുന്നു. കാരണം ഇതു അല്ലാഹുവിന്റെ വചനങ്ങളാകുന്നു. അതിലുള്ള പുരോഗതിയും അങ്ങനെയാകുന്നു. ഒരിക്കൽ പാരായണം ചെയ്താൽ അതിലെ എല്ലാ അറിവുകളും കരസ്ഥമാകുന്നില്ല. പ്രത്യുത ഒരു വർഷം ചിന്തിച്ചതിനുശേഷം അടുത്ത വർഷത്തിൽ കടക്കുമ്പോൾ വീണ്ടും ചിന്തിക്കാൻ തുടങ്ങുന്നു. അപ്പോൾ താൻ മുമ്പേ വായിച്ചുവന്നത് ഒന്നുമല്ല, തനിക്ക് മനസ്സിലായത് കുട്ടികൾക്കുള്ള കാര്യങ്ങളായിരുന്നു, പ്രാഥമിക കാര്യങ്ങളായിരുന്നുവെന്ന് മനസ്സിലാകുന്നു. അങ്ങനെ ഓരോ വർഷവും അഭിവൃദ്ധിപ്പെട്ടുകൊണ്ട് പോകുന്നു. ആ മഹാത്മാവ് പറയുന്നു, "വിശുദ്ധ ഖുർആനിനെ 'ദുൽവജൂഹ്" എന്ന് പറയുന്നതിനെ ഞാനിഷ്ടപ്പെടുന്നില്ല. അവർ വിശുദ്ധ ഖുർആനിനെ ആദരിച്ചില്ല. വിശുദ്ധ ഖുർആനിനെ 'ദുൽമആരിഫ്' (ദൈവജ്ഞാനത്തിന്റെ ഉടമ) എന്നാണ് പറയേണ്ടത്. വിജ്ഞാനങ്ങൾകൊണ്ട് നിറഞ്ഞത് എന്നാണ് പറയേണ്ടത്. അതിൽ ധാരാളം വിജ്ഞാനങ്ങളുണ്ട്. ഓരോ സ്ഥലങ്ങളിൽനിന്നും ഒട്ടനവധി വിജ്ഞാനങ്ങൾ പുറപ്പെടുന്നു. ഒരു കാര്യം മറ്റൊരു കാര്യത്തിന് വിരുദ്ധവുമാകുന്നില്ല. അതിനെ ഖണ്ഡിക്കുന്നതാകുന്നില്ല. അതിനെ നിഷേധിക്കുന്നതാകുന്നില്ല. എന്നാൽ, എടുത്തുചാട്ടവും അസൂയയും കോപവുമുള്ള പ്രകൃതത്തോടു വിശുദ്ധ ഖുർആന് ഒരു സാമ്യതയുമില്ല. അങ്ങനെയുള്ളവരിൽ വിശുദ്ധ ഖുർആൻ തുറക്കപ്പെടുകയുമില്ല."(മൽഫൂദാത്ത് വാള്യം 2, പേജ് 221, 1984 പതിപ്പ്)

ചിന്തിക്കുന്നവർക്കും പരിശുദ്ധന്മാർക്കും അല്ലാഹുവിന്റെ അഭയത്തിൽ വരുന്നവർക്കും അതിൽനിന്ന് ജ്ഞാനം കരസ്ഥമാക്കാം. അതിനാൽ പ്രാർഥിക്കുന്നവർക്കു മാത്രമെ അതിന്റെ യാഥാർഥ്യം തുറക്കപ്പെടുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ നിശ്ചയമായും യാഥാർഥ്യങ്ങളുടേയും വിജ്ഞാനങ്ങളുടേയും കലവറയാകുന്നു. ഓരോ കാലഘട്ടത്തിലേയും അനാചാരങ്ങളെ എതിർക്കുന്നതുമാകുന്നു. ഈ വിനീതന്റെ മനസ്സ് അതിന്റെ കൺകണ്ട അനുഗ്രഹങ്ങളാലും തത്ത്വജ്ഞാനങ്ങളാലും ഭരിതമാണ്. ഈ കാലഘട്ടത്തിൽ നമ്മുടെ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമാണ് അതിന്റെ തത്ത്വജ്ഞാനങ്ങളും യാഥാർഥ്യങ്ങളും നമ്മളിൽ വെളിപ്പെടുത്തിയത്. ആ മഹാത്മാവിന്റെ വാക്കുകളിലൂടെ അതിന് കൂടുതൽ വിശദീകരണങ്ങളുണ്ടാകുന്നു. അത് മനസ്സിലാക്കിക്കൊണ്ടു പാരായണം ചെയ്യുകയാണെങ്കിൽ വിശുദ്ധ ഖുർആനിന്റെ സവിശേഷതകളേയും അധ്യാപനങ്ങളേയും തത്ത്വജ്ഞാനങ്ങളേയും കുറിച്ചുള്ള അറിവ് വർധിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നിശ്ചയമായും നമ്മുടെ നന്മയ്ക്കായിട്ടും അറിവിന്റെ പുരോഗതിക്കായും നമ്മുടെ സ്ഥായിയായ വിജയങ്ങൾക്കുമായിട്ടാണ് നമുക്ക് വിശുദ്ധ ഖുർആൻ നല്കപ്പെട്ടിരിക്കുന്നത്. അതിന്റെ സൂചനകളും രഹസ്യങ്ങളും അറ്റമില്ലാത്തതാണ്. അത് ആത്മപരിശുദ്ധി കൈവരിച്ച ശേഷം സൽബുദ്ധിയിൽനിന്നാണ് ലഭിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഏതൊരു സമുദായത്തെയാണോ അല്ലാഹു നമുക്കെതിരിലാക്കിയിട്ടുള്ളത് ആ സമുദായത്തിന്നെതിരിൽ നാം വിശുദ്ധ ഖുർആൻ മുഖേനയാണ് വിജയം കൈവരിച്ചിട്ടുള്ളത്. ഒരു ഗ്രാമീണനായ നിരക്ഷരന് സംതൃപ്തി നല്കുന്നുവോ അപ്രകാരംതന്നെ ഒരു ബുദ്ധിമാനായ തത്ത്വജ്ഞാനിക്കും സംതൃപ്തി പ്രദാനം ചെയ്യുന്നു. അത് ഒരു വിഭാഗത്തിനുവേണ്ടി മാത്രം ഇറങ്ങുകയും മറ്റു വിഭാഗങ്ങൾ അതിൽനിന്ന് പിന്തള്ളപ്പെടുകയും ചെയ്യുന്ന നിലയിലല്ല ഇറങ്ങിയത്. നിശ്ചയമായും അതിൽ ഓരോ വ്യക്തിക്കും ഓരോ കാലഘട്ടത്തിനും ഓരോ കഴിവുകൾക്കുമുള്ള ചികിത്സയുണ്ട്. തലതിരിഞ്ഞവരും അപൂർണപ്രകൃതക്കാരുമല്ലാത്തവർ വിശുദ്ധ ഖുർആനിന്റെ മഹത്ത്വത്തിൽ വിശ്വസിക്കുന്നു. അതായത് തന്റെ സൃഷ്ടിപ്പിനെ മനസ്സിലാക്കാത്ത ബുദ്ധിമാന്ദ്യമുള്ളവർ അല്ലെങ്കിൽ അഭിവൃദ്ധിക്കുപകരം അധഃപതനത്തിലേക്കു പോകുന്നവരാകുന്നു. ആത്മീയമായ നിലയിൽ ബുദ്ധിമാന്ദ്യമുള്ളവർക്ക് വിശുദ്ധ ഖുർആൻ പ്രയോജനപ്പെടുന്നതല്ല. അങ്ങനെ അല്ലാത്തവരാണെങ്കിൽ അതിന്റെ മഹത്ത്വത്തിൽ വിശ്വസിക്കേണ്ടത് അവർക്ക് നിർബന്ധമാകുന്നു. വിശ്വസിക്കുന്നവർ അതിന്റെ പ്രകാശങ്ങളിൽനിന്ന് പ്രയോജനമെടുക്കുന്നു."(അൽഹഖ് ലുധിയാന, റൂഹാനീഖസാഇൻ വാള്യം 4, പേജ് 110)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്നോടു പറയപ്പെട്ടു. സകലസന്മാർഗങ്ങളിൽനിന്നും അതായത് അല്ലാഹു ആ മഹാത്മാവിനോടു പറഞ്ഞു: "സകലസന്മാർഗങ്ങളിൽനിന്നും കേവലം ഖുർആനിക സന്മാർഗം മാത്രമാണ് പരിപൂർണവും മനുഷ്യകൈകടത്തലുകൾക്ക് അതീതവുമായിട്ടുള്ളത്."(അർബയീൻ നമ്പർ1, റഹാനീ ഖസാഇൻ വാള്യം 17, പേജ് 345)

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രകൃതിജ്ഞാനം അഭിവൃദ്ധിപ്പെടുകയും കർമരൂപത്തിലാകുകയും ചെയ്യുന്നതിനനുസരിച്ച് വിശുദ്ധ ഖുർആനിന്റെ മഹത്ത്വം ലോകത്ത് സ്ഥാപിതമാകുന്നതാണ്. (മൽഫൂദാത്ത് വാള്യം 2, പേജ് 87, 1984 പതിപ്പ്)

അതിനാൽ നമ്മുടെ ഭൗതികജ്ഞാനം അന്വേഷിക്കുന്നവരും വിശുദ്ധ ഖുർആനിൽനിന്ന് സഹായം തേടേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സഹായം തേടുന്ന ധാരാളം പേരുണ്ട്. തങ്ങളുടെ ലേഖനങ്ങളിൽ എഴുതാറുമുണ്ട്. എത്തരത്തിലാണ് വിശുദ്ധ ഖുർആനിന്റെ ജ്ഞാനങ്ങൾ മറഞ്ഞു കിടക്കുന്നതെന്ന് കാണിച്ച് അതിന്റെ ശ്രേഷ്ഠത കാണിക്കേണ്ടതാണ്.

ഡോക്ടർ അബ്ദുസ്സലാമും എപ്പോഴും ഇതേ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "നിസംശയം! വിശുദ്ധ ഖുർആൻ അപരിമിതമായ ജ്ഞാനങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥമാകുന്നു. ഓരോ കാലഘട്ടത്തിനും അനിവാര്യമായതിന് പൂർണമായും മതിയായതാകുന്നു."(ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 261)

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**
**(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

## • ഹദീഥുന്നബ്വി(സ): •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**
**(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

ത്വാലിബെ ദുആ: NEWTECH. INTERNATIONAL(P)LTD
SRINGILS AND GLASS WORK ,ERNAKULAM. CONT: 79025 95215

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA CONT: 80752 22792

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആനിൽ പൂർണമായും സമഗ്രമായും കാണപ്പെടുന്ന ജ്ഞാനങ്ങളുടേയും യാഥാർഥ്യങ്ങളുടേയും സവിശേഷ തത്ത്വജ്ഞാനങ്ങളുടേയും സാഹതീയ സൗന്ദര്യത്തിന്റേയും ഉന്നത നിലവാരം മറ്റൊരു ഗ്രന്ഥത്തിനുമില്ല."(തൗളീഹെ മറാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 86)

പറയുന്നു: വിശുദ്ധ ഖുർആനിനെ അല്ലാഹു 'ഖയ്ർ' എന്നാണ് പറഞ്ഞിട്ടുള്ളത്. അതു പറയുന്നു: *വമൻയ്യുഅ്ത്തൽ ഹിക്മത്ത ഫഖദ് ഊത്തിയ ഖയ്റൻ കഥീറൻ*(2:270) ആർക്കെങ്കിലും യുക്തിജ്ഞാനം നല്കപ്പെട്ടാൽ അവന് വളരെയധികം നന്മകൾ നല്കപ്പെട്ടു. ചുരുക്കത്തിൽ വിശുദ്ധ ഖുർആൻ ജ്ഞാനങ്ങളുടേയും അറിവുകളുടേയും സമ്പത്തിന്റെ ഖജനാവാകുന്നു. അല്ലാഹു ഖുർആനികമായ ജ്ഞാനങ്ങളുടേയും അറിവുകളുടേയും പേരും സമ്പത്തെന്ന് വെച്ചിരിക്കുന്നു. ഭൗതികമായ അനുഗ്രഹങ്ങളും അതിനോടൊപ്പം വരുന്നു."(മൽഫൂദാത്ത് വാള്യം 2, പേജ് 328, 1984 പതിപ്പ്)

പിന്നീട് ഒരു മുന്നറിയിപ്പ് നല്കിക്കൊണ്ട് അവിടന്ന് പറയുന്നു: നിശ്ചയമായും ഓർത്തുകൊള്ളുക! ആരാണോ പാപങ്ങളിൽനിന്ന് പിന്മാറാത്തത് അവർ അവസാനം മരിക്കും തീർച്ചയായും മരിക്കും. അല്ലാഹു നബിമാരേയും റസൂൽമാരേയും അയച്ചതും തന്റെ അവസാനത്തെ ഗ്രന്ഥമായ വിശുദ്ധഖുർആൻ ഇറക്കിയതും ലോകം ഈ വിഷത്താൽ നശിക്കാതിരിക്കാനാണ്. പ്രത്യുത അതിന്റെ ലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് രക്ഷപ്പെടുന്നതിനാണ്."(മൽഫൂദാത്ത് വാള്യം 7, പേജ് 185, 1984 പതിപ്പ്)

അതുകൊണ്ട് എല്ലാ ഓരോ അഹ്മദിയുടേയും ജോലിയാണ് അവർ തങ്ങളുടെ അവസ്ഥ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് വാർത്തെടുക്കാൻ ശ്രമിക്കുന്നതോടൊപ്പം ലോകത്തിന് ഇക്കാര്യം പറഞ്ഞുകൊടുക്കുകയും ചെയ്യുക. ആത്മീയവും ഭൗതിവുമായ നാശങ്ങളിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാകുന്നു. വിശുദ്ധ ഖുർആൻ ഖാത്തമുൽ കുതുബാകുന്നു. ഇനി മറ്റൊരു കലിമയോ നമസ്കാരമോ ഉണ്ടാകുക സാധ്യമല്ല. നബി(സ)തിരുമേനി പറഞ്ഞതെല്ലാം അവിടന്ന് ചെയ്തു കാണിച്ചുതരികയും ചെയ്തു. വിശുദ്ധ ഖുർആനിലുള്ള നിയമങ്ങളെല്ലാം ഉപേക്ഷിച്ചുകൊണ്ട് മോക്ഷം കരസ്ഥമാകുന്നതല്ല. അതിനെ ഉപേക്ഷിക്കുന്നവർ നരകത്തിൽ പതിക്കുന്നതായിരിക്കും. ഇത് നമ്മുടെ മതവും ആദർശവുമാകുന്നു.ഇത്തരത്തിലുള്ള ആദർശം വെച്ചുപുലർത്തുന്ന വ്യക്തി എങ്ങനെയാണ് വിശുദ്ധ ഖുർആനിനേയും നബി(സ)തിരുമേനിയേയും ആക്ഷേപിക്കുന്നത്? ഇക്കാര്യം പൊതുമുസ്ലിമീങ്ങൾക്ക് മനസ്സിലാകുകയും അവർ അക്രമമോഹികളായ പണ്ഡിതന്മാരിൽനിന്ന് രക്ഷപ്പെട്ട് കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നവരായി മാറുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ!

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അടിസ്ഥാനപരമായ സത്യത്തെ തിരിച്ചറിയുന്നതിനും ഏതെല്ലാം വിശ്വാസങ്ങളിലുള്ള ദൃഢജ്ഞാനമാണോ നമ്മുടെ മോക്ഷത്തിന് പൊതുവായിട്ടുള്ളത് അത് കരസ്ഥമാക്കുന്നതിനുള്ള അഖണ്ഡവും പരിപൂർണവും സുഗമവുമായ മാർഗം വിശുദ്ധ ഖുർആനാകുന്നു. അല്ലാഹു പറയുന്നു: *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*(15:10) നാമാണ് ഖുർആൻ ഇറക്കിയിരിക്കുന്നത്. നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്. അതായത് അതിന്റെ അർഥങ്ങളിൽ തെറ്റുകൾ സംഭവിച്ചുപോകുമ്പോൾ സമുദ്ധാരണത്തിന് നമ്മുടെ നിയോഗിതർ ആഗതരാകുന്നതാണ്. തന്റെ ആ വാഗ്ദാനമനുസരിച്ച് അല്ലാഹു ഇക്കാലഘട്ടത്തിൽ അക്കാര്യങ്ങൾക്കുവേണ്ടി ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയെ നിയോഗിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിന്റെ ഈ നിർദേശത്തിൽ ഗാഢമായി ചിന്തിക്കുക. എന്നിട്ട് കാലത്തിന്റെ അവസ്ഥ എന്തായിരിക്കുന്നുവെന്ന് നോക്കുക. നിർമതർ നിങ്ങളെ തിരഞ്ഞുപിടിച്ച് സ്വന്തം മതത്തിൽനിന്ന് അകറ്റിക്കൊണ്ടിരിക്കുന്നു. ദജ്ജാലിന്റെ പ്രവർത്തന രീതിയാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ, നിങ്ങൾ ആഗതരായ മസീഹിനേയും മഹ്ദിയേയും ദജ്ജാലെന്ന് വിളിച്ച് അദ്ദേഹത്തിൽനിന്ന് മുസ്ലിം ലോകത്തെ അകറ്റാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആ മഹാത്മാവ് പറയുന്നു: "നിങ്ങൾ എന്നെ പറ്റി ഞാൻ വന്നു, ഞാൻ വാദിച്ചു എന്നൊന്നും ചിന്തിക്കണ്ട. ഇക്കാലഘട്ടം നോക്കുക. നൂറ്റാണ്ടിന്റെ ആരംഭവും ബാഹ്യമായ ആക്രമണങ്ങളും ആന്തരികമായ ആക്രമണങ്ങളും നോക്കിക്കൊണ്ട് സ്വയം ചിന്തിക്കുക. ഇക്കാലഘട്ടത്തിൽ ദജ്ജാലിനെയാണോ ആവശ്യം അഥവാ മഹ്ദിയേയും മസീഹിനേയുമാണോ ആവശ്യം? ആ മഹാത്മാവ് പറയുന്നു: വിദ്വേഷം തിന്മയാകുന്നു. വിദ്വേഷമുള്ളവർ ഒരു പ്രവാചകനേയും അംഗീകരിച്ചിട്ടില്ല."(മൽഫൂദാത്ത് വാള്യം 7, പേജ് 230, 1984 പതിപ്പ്)

അല്ലാഹു മുസ്ലിമീങ്ങൾക്ക് ബുദ്ധി നല്കുകയും അവരിത് മനസ്സിലാക്കുകയും ചെയ്യുമാറാകട്ടെ. വിശുദ്ധ ഖുർആനിന്റെ സവിശേഷതകൾ വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "വിശുദ്ധ ഖുർആനിൽ ആരംഭം മുതൽ അവസാനംവരെ രണ്ടു കാര്യങ്ങളിൽ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഒന്ന് ബുദ്ധിപരമായ കാരണങ്ങൾ. രണ്ടാമത്തേത് വെളിപാടുപരമായ സാക്ഷ്യവും. ഈ രണ്ടു കാര്യങ്ങളും ഫുർഖാനെ മജീദിൽ രണ്ടു മഹാനദികൾപോലെ ഒഴുകുന്നു. അതു പരസപരമുന്നണികളായി സ്വാധീനം ചെലുത്തുക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതായത് ഒന്നിച്ചു പോകുന്നു. ഒന്ന് മറ്റൊന്നിന് സമാന്തരമായി ചലിക്കുകയും രണ്ടും സ്വാധീനം ചെലുത്തുകയും ചെയ്യുന്നു."

അവിടന്ന് പറയുന്നു: വിശുദ്ധ ഖുർആനിന്റെ ലക്ഷ്യവും മനഷ്യനെ മൃഗീയാവസ്ഥയിൽനിന്ന് മനുഷ്യനാക്കുകയും മനുഷ്യനിൽനിന്ന് സഭ്യതയുള്ള മനുഷ്യനാക്കുകയും സഭ്യതയുള്ള മനുഷ്യനിൽനിന്ന് ദൈവത്തെ പ്രാപിക്കുന്ന മനുഷ്യനാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ്. (ഇസ്ലാമി ഉസൂൽ കി ഫലാസഫി റൂഹാനീ ഖസാഇൻ വാള്യം 10 പേജ്329)

അറബികളിൽ ഈ ലക്ഷ്യം പൂർത്തിയായതായി നാം കാണുന്നു. പൂർണതയോടെ അത് പുലർന്നു. എന്നോടു ഒരു യഹൂദി പറഞ്ഞു: 'ഞാൻ മുസ്ലിമല്ല.' ഇത് ഏതാനും വർഷം മുമ്പേയുള്ള കാര്യമാണ്. "എന്നാൽ, ഞാൻ നബി(സ) തിരുമേനിയെ പ്രവാചകനായി തീർച്ചയായും വിശ്വസിക്കുന്നു. കാരണം അക്കാലത്ത് അപരിഷ്കൃതരായിരുന്ന അറബികളെ എപ്രകാരമാണ് വിപ്ലവകരമായ നിലയിൽ മാറ്റിയെടുത്തത്? അത് ഒരു പ്രവാചകനുമാത്രമെ സാധിക്കുകയുള്ളു. ഒരു സാധാരണക്കാരന് ഒരിക്കലും സാധിക്കുകയില്ല. അല്ലാഹുവിന്റെ സഹായം ലഭ്യമായ ഒരാൾക്കു മാത്രമെ സാധിക്കുകയുള്ളു.

അവിടന്ന് പറയുന്നു: "വിശുദ്ധ ഖുർആൻ കാണുമ്പോൾ അത്ഭുതം തോന്നുന്നു. അതേ നിരക്ഷരൻ ഗ്രന്ഥവും തത്ത്വജ്ഞാനവും മാത്രമല്ല പറഞ്ഞത്, ആത്മശുദ്ധിക്കുള്ള മാർഗങ്ങളും പറഞ്ഞു തരികയുണ്ടായി. എത്രത്തോളമെന്നാൽ, *അയ്യദഹും ബി റൂഹിൻമ്മിൻഹും* തന്റെ പക്കൽനിന്നുള്ള വചനംകൊണ്ട് അവരെ പ്രബലപ്പെടുത്തുന്നു.(58:23) "ഇവിടെവരെ എത്തിച്ചു! നോക്കുക! പൂർണമായ ദൃഷ്ടിയോടെ നോക്കുക! വിശുദ്ധ ഖുർആൻ എല്ലാ തരത്തിലുള്ള അന്വേഷകരേയും അവരുടെ ലക്ഷ്യസ്ഥാനംവരെ എത്തിക്കുന്നു. സന്മാർഗത്തിന്റേയും സത്യസാക്ഷ്യത്തിന്റേയും ദാഹികളായവരെ വയറുനിറയെ കുടിപ്പിക്കുന്നു."(മൽഫൂദാത്ത് വാള്യം1, പേജ് 122, 1984 പതിപ്പ്).

അവിടന്ന് പറയുന്നു: "ദൈവത്തിൽനിന്നുള്ള വെളിപാടു വന്നത് ദൃഢഗാഢവിശ്വാസമുണ്ടാക്കുന്നതിനായിരുന്നുവെങ്കിലും വിശുദ്ധ ഖുർആൻ ഉന്നതനിലയിലുള്ള ദൃഢഗാഢവിശ്വാസത്തിന് അടിത്തറയിട്ടു. എന്നല്ല അതിന്റെ സീമതന്നെ ലംഘിച്ചു."(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 80, അടിക്കുറിപ്പ് നമ്പർ 4)

ജമാഅത്തംഗങ്ങളെ വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് പൂർണമായും കർമം ചെയ്യിക്കുന്നതിന് അവിടന്ന് പറഞ്ഞു: 'നിങ്ങളുടെ ബയ്അത്തിന്റെ നിബന്ധനകളിലും ഇതു വെച്ചിട്ടുണ്ട്. അതിൽ ആറാമത്തെ നിബന്ധന ഇതാണ്:'എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധ ഖുർആനിന്റെ ഭരണത്തിന് പൂർണമായ നിലയിൽ വിധേയനായിരിക്കുകയും ചെയ്യുന്നതും ഖാലല്ലാഹുവും ഖാലർറസൂലും എല്ലാ ചലനങ്ങളിലും കർമധർമങ്ങളായി സ്വീകരിക്കുന്നതുമാകുന്നു."(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ, വാള്യം 3, പേജ് 564)

പക്ഷേ, ബുദ്ധി അന്ധമായി കഴിഞ്ഞിട്ടുള്ള ഉലമാഇന്റെ പക്കൽ നാം വീണ്ടും വിശുദ്ധ ഖുർആനിൽ മാറ്റം വരുത്തുന്നവനാണ്.

അവിടന്ന് പറയുന്നു: "ദൈവഗ്രന്ഥത്തിന്റെ ഒരു വചനങ്ങളിലും മാറ്റങ്ങൾ വരുത്തുന്നതിനോ മാറ്റി മറിക്കുന്നതിനോ വാക്കുകൾ കൂട്ടിച്ചേർക്കുന്നതിനോ ഉള്ള അധികാരം നമുക്കില്ല. നമുക്ക് മാറ്റം വരുത്താനും സാധ്യമല്ല. അതിനെ മുൻ കടക്കാനും സാധ്യമല്ല. അതിൽ കുറവ് വരുത്താനും സാധ്യമല്ല. അതിനെ കൂടുതലാക്കാനും സാധ്യമല്ല. ഒരു തരത്തിലുള്ള വചനവുമുണ്ടാക്കാൻ നമുക്കാവില്ല. " എന്നാൽ, നബി(സ)തിരുമേനി സ്വയം അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ!" പറഞ്ഞു, നബി(സ)തിരുമേനി അങ്ങനെ ചെയ്തുട്ടുള്ളതായി എവിടെയെങ്കിലും കാണിച്ചു തരിക. അതു സ്ഥാപിതമാകുകയാണെങ്കിൽ, നബി(സ)തിരുമേനി സ്വയം അപ്രകാരം മാറ്റത്തിരുത്തലുകൾ നടത്തിയിരുന്നുവെന്ന് സ്ഥാപിച്ചു കാണിക്കുകയാണെങ്കിൽ മാത്രം! അതു സ്ഥാപിതമാകാത്തിടത്തോളം നമുക്ക് വിശുദ്ധ ഖുർആനിന്റെ ക്രമത്തെ കീഴ്മേൽമറിക്കാൻ സാധ്യമല്ല. അതിൽ സ്വയം എന്തെങ്കിലും വാക്യങ്ങൾ കൂട്ടിച്ചേർക്കാനും സാധ്യമല്ല. അഥവാ അപ്രകാരം ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ പക്കൽ അപരാധിയായിത്തീരുന്നതാണ്."

ആ മഹാത്മാവ് പറയുന്നു: "ഇപ്രകാരം സംഭവിക്കുക അസാധ്യമാണെന്നിരിക്കെ നമ്മെ എന്തിനാണ് അപരാധിയാക്കുന്നത്? അഥവാ നാം അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ പക്കൽ നാം കുറ്റവാളിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനിൽ മാറ്റം വരുത്തിയെന്നുള്ളതിനെ സ്വയം നിഷേധിച്ചുകൊണ്ട് ഇങ്ങനെ വിളംബരം ചെയ്തിരിക്കുകയാണ്, നാം അങ്ങനെ ചെയ്യുന്നവനാണെങ്കിൽ കുറ്റവാളിയാണ്. അല്ലാഹുവിന്റെ പക്കൽ മറുപടി കൊടുക്കേണ്ടവനാണ്. പക്ഷേ, നമ്മുടെമേൽ ആക്ഷേപം ഉന്നയിക്കുന്നവർ തങ്ങളെ അല്ലാഹുവിനെക്കാൾ വലിയവരാണെന്ന് മനസ്സിലാക്കുന്നവരാണ്. അല്ലാഹു നമ്മെ അപരാധിയാക്കുന്നില്ലെങ്കിലും അവർ അപരാധിയാക്കിക്കൊണ്ട് നമ്മെ തീർച്ച

(ശേഷം പേജ് 10ൽ)

# ജർമനി അഹ്മദിയ്യ ജമാഅത്ത് 2022-ൽ സംഘടിപ്പിച്ച ജൽസാസാലനയിൽ സമാപന സമ്മേളനത്തിൽ ചെയ്ത അമീറുൽ മുഅ്മിനീന്റെ പ്രൗഢഗംഭീരമായ പ്രഭാഷണം

**(2022 ആഗസ്റ്റ് 21 ഞായറാഴ്ച ഐവാനെ മസ്‌റൂർ, ഇസ്‌ലാമാബാദ്, ടിൽഫോർഡ് യു.കെ)**

**വിവർത്തനം: മുഹമ്മദു ഇസ്മായീൽ ആലപ്പി**

**(വാല്യം 8 ലക്കം 14 പേജ് 10 കോളം 3-ൽനിന്ന് തുടർച്ച)**

അതുകൊണ്ട് യഥാർഥ സമാധാനം ലോകത്തുകൊണ്ടുവരുന്നതിന്, ലോകത്തിന് ഒരു ദൈവമുണ്ടെന്നും എല്ലാവരും സമാധാനപരമായിരിക്കണമെന്ന് അവനാഗ്രഹിക്കുന്നുവെന്നുമുള്ള വിശ്വാസവും അതനുസരിച്ചുള്ള പ്രവർത്തനവുമാണ് വേണ്ടത്.

ഈ വിശ്വാസവും അതനുസരിച്ചുള്ള കർമങ്ങളും ഉണ്ടാകുമ്പോഴാണ് മനുഷ്യന്റെ ആഗ്രഹങ്ങൾ സ്വാർഥതയ്ക്കതീതമായി തീരുന്നത്. എന്നല്ല ലോകത്തിന് അത് പ്രയോജനമെത്തിക്കുന്നതായിരിക്കും. ഇതുണ്ടാകുമ്പോൾ നമ്മുടെ ചിന്തകളും ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിനുള്ള നിലവാരവും മറ്റൊരു നിലയിലായിരിക്കുമുണ്ടാകുക. അപ്പോൾ ഇന്ന കാര്യം കൊണ്ട് നമുക്ക് പ്രയോജനമുണ്ടോ എന്ന് നമ്മൾ നോക്കുകയില്ല. മുഴുലോകത്തിന്റേമേലും അതിന്റെ സ്വാധീനമെന്തായിരിക്കുമെന്നാണ് നമ്മൾ നോക്കുക. ലൗകികർ എപ്പോഴും തങ്ങളുടെ പ്രയോജനത്തിനുവേണ്ടി മറ്റുള്ളവരുടെ സമാധാനം നഷ്ടപ്പെടുത്താനാഗ്രഹിക്കുന്നു. എന്നാൽ, ഒരു ഉന്നതനായ ഒരു അസ്തിത്വം തന്റെമേൽ ഉണ്ടെന്ന് മനസ്സിലാക്കുന്നവർ നമ്മൾ അങ്ങനെയെന്തെങ്കിലും ചെയ്യുകയാണെങ്കിൽ ഉന്നതനായ ഒരു അസ്തിത്വം നമ്മെ നശിപ്പിക്കുന്നതാണെന്ന് മനസ്സിലാക്കുന്നു. ചുരുക്കത്തിൽ യഥാർഥ സമാധാനം ഉണ്ടാകുന്നത് ഏതുവരെ ആ ഉന്നതനായ അസ്തിത്വത്തെ അംഗീകരിക്കുന്നില്ലയോ അതുവരെ സാധ്യമല്ല. അവനോടുള്ള സ്നേഹം ഹൃദയത്തിൽ ഉണ്ടാകുന്നതിനു സാധ്യമല്ല. അല്ലാഹു സമാധാനം നൽകുന്നവനാണെന്ന ആ വിശ്വാസം നബി(സ)തിരുമേനി മുഖേനയാണ് ലോകത്ത് അവതരിപ്പിച്ചത്.

അല്ലാഹു നബി(സ)തിരുമേനിയുടെമേൽ ഇറക്കിയ സന്ദേശത്തിൽ പറയുന്നു: *ഖദ് ജാഅക്കുമ്മിനല്ലാഹി നൂറുൻ വ്വ കിതാബുൻമ്മുബീൻ. യഹ്ദീ ബിഹില്ലാഹു മനിത്തബഅ രിള്‌വാനഹൂ സുബുലസ്സലാമി.*(5:16-17) തീർച്ചയായും അല്ലാഹുവിന്റെ പക്കൽനിന്ന് ഒരു പ്രകാശവും സ്പഷ്ടമായ ഒരുഗ്രന്ഥവും നിങ്ങൾക്ക് വന്നു കഴിഞ്ഞു. അല്ലാഹു അതുമുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാ മാർഗങ്ങളിലേക്ക് വഴി കാണിക്കുന്നതാണ്. അതുകൊണ്ട് അല്ലാഹു ഹിദായത്തിന്റെ നൂറ് അയച്ചു. ഒരു ഗ്രന്ഥവും സകലകല്പനകളോടും കൂടി അയച്ചു. അതിൽ സമാധാനത്തിലേക്കുള്ള മാർഗങ്ങളിലേക്കും വ്യക്തമായ നിർദേശങ്ങൾ നൽകിയിരിക്കുന്നു. ഇനി ആരാണോ ഇതിനെ പൂർണമായും അനുധാവനം ചെയ്യുന്നത് അവർ തന്നെയാണ് സമാധാനത്തിന്റെ മാർഗങ്ങൾ അവലംബിക്കുന്നത്. ഇന്ന് മുസ്‌ലിമീങ്ങൾക്ക് ഫിത്നകളും ഫസാദുകളുമില്ലാ ഒരവസ്ഥയുണ്ടെങ്കിൽ, പരസ്പരം യുദ്ധത്തിന്റെ അവസ്ഥയാണെങ്കിൽ അതിന്റെ വ്യക്തമായ കാരണം അല്ലാഹു നൽകിയ ഈ സന്ദേശത്തെ ഇറക്കിയിട്ടുള്ള ഈ ഗ്രന്ഥത്തെ ഈ പ്രകാശത്തെ അവർ ശരിയായ രീതിയിൽ അനുസരിക്കുന്നില്ല പിന്തുടരുന്നില്ല എന്നതാണ് കാരണം. തങ്ങൾ നബി(സ)തിരുമേനിയെ അനുസരിക്കുന്നു എന്ന് അവർ വാദിക്കുന്നു. അവരുടെ കർമങ്ങളാണെങ്കിൽ അതിന് എതിരുമാകുന്നു. അല്ലാഹുവിന്റെ വാക്കുകൾ ഒരിക്കലും തെറ്റാകാൻ സാധ്യമല്ല. അല്ലാഹു പറഞ്ഞത് ഒരിക്കലും തെറ്റാകുന്നതല്ല. നബി(സ) തിരുമേനിയുടെ വാക്കുകൾ ഒരിക്കലും തന്നെ തെറ്റാകുന്നതല്ല. മുസ്‌ലിമീങ്ങളിൽ ഫിത്നയും ഫസാദുമുണ്ടെങ്കിൽ അതിനുള്ള വ്യക്തമായ കാരണം ഈ പ്രകാശമാനമായ ഗ്രന്ഥത്തെ അവർ അംഗീകരിക്കുന്നുവെന്ന് വാദിക്കുന്നുവെങ്കിലും അല്ലാഹു അത് മുഖേന നൽകിയ സന്ദേശത്തെ അവർ പിന്തുടരുന്നില്ല എന്നതാണ്. നബി(സ)തിരുമേനിയോട് സ്നേഹം ഉണ്ടെന്ന് അവർ വാദിക്കുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ പരിശുദ്ധ മാതൃക അനുസരിച്ച് അവർ ജീവിക്കുന്നില്ല. ഇന്ന് നബി(സ)തിരുമേനിയുടെ പരിശുദ്ധ ദാസനെ അംഗീകരിക്കുന്നവർ ചെയ്യേണ്ടത് ഈ സന്ദേശത്തെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റുകയും വിശുദ്ധ ഖുർആനിന്റെ കൽപനകൾക്കനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നതാണ്. അങ്ങനെയാണെങ്കിൽ മാത്രമെ ലോകത്ത് സമാധാനം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. ലോകത്തൊരു സമാധാനത്തിന്റെ സന്ദേശം എത്തിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ ലോകം പറയും ആദ്യം നിങ്ങളുടെ വാക്കുകളും കർമങ്ങളും ഒരുപോലെയാക്കുക, അതിനുശേഷംമതി ഞങ്ങളെ ഉപദേശിക്കാനെന്ന്!

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇന്ന് ആകാശത്തിനുകീഴിൽ ഒരേയൊരു നബിയും ഒരേയൊരു ഗ്രന്ഥവുമാണുള്ളത്. അതായത് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ). ഉന്നതരായ പ്രവാചകന്മാരും പ്രവാചകന്മാരിൽ ഏറ്റവും ഉന്നതനും എല്ലാ പ്രവാചകന്മാരിൽ അത്യുന്നതനും ഖാതിമുൽ അമ്പിയാഉം സൃഷ്ടികുലോത്തമനും. അദ്ദേഹത്തെ പിന്തുടർന്നുകൊണ്ട് അല്ലാഹുവിനെ ലഭിക്കുന്നതാണ്. അന്ധകാരങ്ങളുടെ ആവരണങ്ങൾ ഇല്ലാതായിത്തീരുന്നതാണ്. ഈ ലോകത്തുതന്നെ സത്യസന്ധമായ മോചനത്തിനുള്ള, മോക്ഷത്തിനുള്ള മാർഗം തെളിയുന്നതാണ്. വിശുദ്ധ ഖുർആൻ സത്യസന്ധമായ ഹിദായത്തോടുകൂടി പ്രഭാവത്തോടുകൂടി ഇറങ്ങിയിരിക്കുന്നു. അങ്ങനെ അതുമുഖേന ദൈവികമായ സന്ദേശങ്ങൾ നമുക്ക് ലഭ്യമാകുന്നു. അത് മനുഷ്യന്റെ മാനുഷികമായ എല്ലാ ദൗർബല്യങ്ങളിൽ നിന്നും രക്ഷിക്കുന്നു. അവൻ മനുഷ്യനെ അലസതയിൽ നിന്നും അതുപോലെതന്നെ എല്ലാതരത്തിലുള്ള ആശങ്കകളിൽ നിന്നും രക്ഷപ്പെടുത്തുന്നു. അവൻ യഥാർഥ രീതിയിലുള്ള ആ വിശ്വാസത്തിലേക്ക് എത്തപ്പെടുന്നു. ഹഖുൽ യഖീനിലേക്ക് അവർ എത്തപ്പെടുന്നു. നബി(സ)തിരുമേനിക്ക് നൽകപ്പെട്ടിട്ടുള്ളതാണ് ആ പ്രകാശം. വിശുദ്ധ ഖുർആൻ ആ പ്രകാശമാനമായ ഗ്രന്ഥമാകുന്നു. എല്ലാ തരത്തിലുള്ള വിജ്ഞാനങ്ങളു ടേയും കേദാരമാകുന്നു. പ്രകാശത്തിന്റെ സന്മാർഗമാകുന്നു. സമാധാനത്തിന്റെ സന്ദേശവുമാകുന്നു. അത് അയച്ചുകൊണ്ട് മനുഷ്യകുലത്തിനുമേൽ വലിയ അനുഗ്രഹമാണ് അല്ലാഹു ചെയ്തിരിക്കുന്നത്. മനുഷ്യൻ ഇതിൽ നിന്ന് പ്രയോജനമുൾക്കൊള്ളുന്നില്ലെങ്കിൽ, തങ്ങളുടെ നാശത്തിനുള്ള വ്യക്തിപരമായ സ്വാർഥപരമായ കാര്യങ്ങളിൽ അകപ്പെടുകയാണെങ്കിൽ അതിനേക്കാൾ വലിയ ദൗർഭാഗ്യകരമായ അവസ്ഥയെന്താണുള്ളത്? നമ്മളുടെ ഈ ലോകവും പരലോകവും നന്നാക്കുകയും സമാധാനത്തോടെ ജീവിക്കുകയും ചെയ്യണമെങ്കിൽ നമുക്ക് അല്ലാഹുവിന്റെ ഈ പരിശുദ്ധ വചനത്തെ നബി(സ) തിരുമേനി ക്ക് ഇറങ്ങിയിട്ടുള്ള ഈ വചനങ്ങളെ എല്ലാ സമയത്തും നാം മുൻ നിറുത്തേണ്ടിയിരിക്കുന്നു. *യഹ്ദീ ബിഹില്ലാഹു മനിത്തബഅ രിള്‌വാനഹൂ സുബുലസ്സലാമി.*(5:17) ഈ പ്രകാശമാനമായ ഗ്രന്ഥത്തെ, ഇതിന്റെ സന്ദേശത്തെ മനസ്സിലാക്കുകയും പഠിക്കുകയും അതിനെ മുന്നിൽ വെക്കുകയും ചെയ്യേണ്ടതാണ്. അപ്പോൾ മാത്രമേ "സുബ്‌ലു സ്സലാമിൽ' ചരിക്കുന്നവരായി നാം മാറുകയുള്ളൂ. സമാധാനത്തിന്റെ വഴികളിലൂടെ നീങ്ങുന്നവരായി നാം മാറുകയുള്ളൂ. ഈ ഗ്രന്ഥത്തിലെ ഒരു ഭാഗവും ഒരു കൽപനയും മനുഷ്യന്റെ സമാധാനം കെടുത്തുന്നതല്ല. ചുരുക്കത്തിൽ ഈ സന്ദേശമാണ് നമുക്ക് ഉള്ളിലുള്ളവർക്കും പുറത്തുള്ളവർക്കും നൽകാനുള്ള സന്ദേശം. അതാണ് നമ്മുടെ കർത്തവ്യം. അതാണ് ലോകത്ത് സമാധാനത്തിനുള്ള ജാമ്യം. ഈ വിപ്ലവം തന്നെയാണ് നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളിൽ ഉണ്ടാക്കിയെടുത്തത്. കർമപരമായ ഒരു ജമാഅത്ത് ഉണ്ടാക്കിയെടുത്തത്. അത് *ഇദാ ഖാത്വബഹുമുൽ ജാഹിലൂന ഖാലൂ സലാമൻ ജാഹിൽ* അവനെ സംബോധന ചെയ്യുമ്പോൾ സലാം എന്ന് പറഞ്ഞ് അവൻ പിരിഞ്ഞുപോകുമായിരുന്നു. അതിന്റെ സാക്ഷാത്കാരമാക്കി അവരെ മാറ്റി. ഈ അവസ്ഥ തന്നെനമുക്കിടയിൽ ഉണ്ടാകുകയാണെങ്കിൽ, നാം ലോകത്ത് അങ്ങനെയുള്ള അവസ്ഥ ഉണ്ടാക്കിയെടുക്കുകയാണെങ്കിൽ നമ്മുടെ അവസ്ഥയും നമ്മുടെ ഈ സാന്നിധ്യവും സമാധാനത്തിലായിരിക്കും. നമ്മുടെ ഭാവിയും സമാധാനത്തിലായിത്തീരുതാണ്. നമുക്കൊരു വലിയ ഉത്തരവാദിത്വമാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവർക്ക് ഒരു വലിയ ഉത്തിരവാദിത്വമുണ്ട്. അവർ തങ്ങളുടെ വീടുകളിലും തങ്ങളുടെ ചുറ്റുപാടിലും സമാധാനം ഉണ്ടാക്കുന്നവരായിത്തീരണം. ലോകത്തിലും സമാധാനമുണ്ടാക്കുവരായിത്തീരണം. ഈ പ്രവർത്തനം ഉണ്ടാകണമെങ്കിൽ നമ്മുടെ ഹൃദയവും മനസ്സും പരിശുദ്ധ തൗഹീദിനാൽ സ്വച്ഛമായിത്തീരണം. ലോകത്തെ യഥാർഥ തൗഹീദിലേക്ക് കൊണ്ടുവരുന്നവരായി നാം ആയിത്തീരുന്നതാണ്. വ്യക്തമായിട്ടുള്ള സംഗതിയെന്തെന്നാൽ തൗഹീദ് പൂർണമായി നിലനിറുത്താത്തിടത്തോളം കാലം സമാധാനം ഉണ്ടാക്കാൻ സാധ്യമല്ല. അതായത് നമ്മുടെ ഉന്നതമായ അസ്തിത്വം നമ്മൾ അംഗീകരിക്കേണ്ടിയിരിക്കുന്നു. നമുക്കുമേൽ അല്ലാഹുവിന്റെ ആ ഉന്നതമായ അസ്തിത്വമുണ്ട്. അവന്റെ തൗഹീദ് ഉണ്ടാകാത്തിടത്തോളം സമാധാനം നമ്മുടെ ഉള്ളിൽ വരുന്നതല്ല. തൗഹീദ് ഉണ്ടാകാതെ, നിലനിൽക്കാതെ, സ്ഥാപിതമാകാ

തെയുള്ള അവസ്ഥയാണെങ്കിൽ യുദ്ധങ്ങൾ ഉണ്ടാകുന്നതാണ്. യുദ്ധങ്ങൾ ഇല്ലാതാകണമെങ്കിൽ യഥാർഥമായിട്ടുള്ള സാഹോദര്യമുണ്ടാകണം. പരസ്പര സാഹോദര്യവും സന്ദേശവും അതുപോലെതന്നെ സ്നേഹവുമുണ്ടാകണം. മനുഷ്യഹൃദയങ്ങളിൽ സാഹോദര്യമുണ്ടാകാത്തതുവരെ സമാധാനമുണ്ടാകുകയില്ല. യഥാർഥ സാഹോദര്യം ഒരു ദൈവത്തെ അംഗീകരിക്കാതെ ഒരിക്കലും തന്നെ ഉണ്ടാകാൻ പോകുന്നില്ല. ഏകദൈവമായ അല്ലാഹുവുമായിട്ടുള്ള ബന്ധമില്ലാതെകണ്ട് അതുണ്ടാക്കാനെ സാധ്യമല്ല. വെറും അംഗീകരിക്കുക മാത്രമല്ല. ആ ബന്ധവും ഉണ്ടാക്കിയെടുക്കേണ്ടതാണ്. അവന്റെ ഉന്നതമായ സന്ദേശമനുസരിച്ച് നബി(സ) തിരുമേനി മുഖേനയാണ് നമുക്ക് ആ സന്ദേശവും കിട്ടിയത്. അല്ലാഹു *അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ* എന്ന അധ്യാപനം വിശുദ്ധ ഖുർആനിൽ നൽകിയിരിക്കുന്നു. അത് എല്ലാ നമസ്കാരത്തിലും ഓതുതിനുവേണ്ടി നമ്മോടു പറഞ്ഞു. അങ്ങനെ ഓരോ മുസ്ലിമിനോടും സാഹോദര്യത്തിന്റെ വളരെ വിശാലമായ ഒരു കാഴ്ചപ്പാടാണ് നമുക്ക് നൽകിയിട്ടുള്ളത്. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ ചൊല്ലുമ്പോൾ അല്ലാഹുവിന്റെ ആ രക്ഷാകർത്തൃത്വം മുഴുവൻ ലോകത്തും വിശാലമാണ് എന്നുള്ള ആ ഒരു ബോധം നമുക്ക് ഉണ്ടാകുന്നു. ഈ വാക്കുകൾ നാം ചൊല്ലുമ്പോൾ മനുഷ്യന്റെ ചിന്താഗതി വിശാലമായിത്തീരുന്നു. സകലലോകത്തേയും സൃഷ്ടിച്ച് പരിപാലിക്കുന്നവനായ റബ്ബിനെ അവൻ മനസ്സിലാക്കുന്നു. അവൻ ക്രിസ്ത്യാനികളുടേയും, ഹിന്ദുക്കളുടേയും, യഹൂദികളുടേയും എല്ലാവരുടേയും നാഥനാകുന്നു. ഈ വാക്കുകൾ മനുഷ്യൻ ചൊല്ലുമ്പോൾ എങ്ങനെയാണ് അവന് പരസ്പരം വെറുപ്പുണ്ടാക്കാൻ കഴിയുക. ഞാൻ ഈ കാര്യം ഒരിക്കൽ അമേരിക്കയിൽ അന്യരുടെ സദസ്സിൽ വെച്ച് പറയുകയുണ്ടായി. അവർ പറഞ്ഞു: ഈ അധ്യാപനം വാസ്തവത്തിൽ ഇസ്ലാമിന്റെ ഈ സന്ദേശം അതൊരിക്കലും യഥാർഥ മുസ്ലിമിന്റെ ഹൃദയത്തിൽ മറ്റുള്ളവരോട് വെറുപ്പ് ഉണ്ടാക്കുന്നതിന് കാരണമായിത്തീരുന്നില്ല. റബ്ബുൽ ആലമീനിന്റെ ആ വാക്കുകൾ എല്ലാത്തിനേയും വലയം ചെയ്യുന്നു. ഈ സംഗതി തന്നെയാണ് സമാധാനം പരത്തുതിനുള്ള വലിയ വിശാല മാർഗങ്ങൾ നമുക്ക് തുറന്നുതരുന്നത്. അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ നമുക്ക് പറഞ്ഞു തരുന്നത് യഥാർഥ തൗഹീദ് നിലനിറുത്തുകയാണെങ്കിൽ, സ്ഥാപിക്കുകയാണെങ്കിൽ റബ്ബുൽ ആലമീനിന്റെ ആ സ്തുതികീർത്തനം കൊണ്ട് അവന്റെ ഹൃദയം നിറയുമ്പോൾ ഒരു സമൂഹത്തോടും വെറുപ്പുണ്ടാകുന്നതല്ലെന്നാണ്. ക്രിസ്ത്യാനികളെ സംബന്ധിച്ചും യഹൂദികളെ സംബന്ധിച്ചും വെറുപ്പ് ഉണ്ടാകുന്നതല്ല. എങ്ങനെയാണ് ഉണ്ടാകാൻ കഴിയുക! ഒരു ഭാഗത്ത് അവരെ നശിപ്പിക്കാൻ ആഗ്രഹിക്കുകയും മറുഭാഗത്ത് അവരെ കാണുമ്പോൾ അല്ലാഹുവിനെ വാഴ്ത്തുകയും ചെയ്യുകയാണ് ചെയ്യുക. അതൊരിക്കലും സാധ്യമല്ല. യഥാർഥ തൗഹീദിന്റെ ആളുകൾ യഥാർഥ സമാധാനത്തിന്റെ ധ്വജവാഹകരാകുന്നു. മുസ്ലിമീങ്ങൾ യഥാർഥത്തിൽ ഈ കാര്യം മനസ്സിലാക്കുകയാണെങ്കിൽ അതനുസരിച്ച് തങ്ങളുടെ ജീവിതത്തെ മാറ്റുകയാണെങ്കിൽ ലോകത്ത് യഥാർഥ സമാധാനത്തിന്റെ വക്താക്കളായി മാറും. പക്ഷേ, ഒരു കാര്യം വീണ്ടും പറയുന്നത് അതിന് നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്. അപ്പോഴാണ് യഥാർഥമായിട്ടുള്ള ആധ്യാത്മിക ജ്ഞാനങ്ങൾ ലഭ്യമാകുന്നത്. വീണ്ടും ഞാൻ പറയുന്നു. ഇത് നമുക്കുമേലും ചില ഉത്തരവാദിത്വങ്ങൾ ഇടുന്നുണ്ട്. നാം നമ്മുടെ അവസ്ഥകളെ മനസ്സിലാക്കുക അവലോകനം ചെയ്യുക. നമ്മുടെ നമസ്കാരങ്ങൾ അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്നു ചൊല്ലുന്നത് വെറും വാക്കുകൾ കൊണ്ടുള്ള കസർത്തായിരിക്കരുത്. ഹൃദയം അതിൽ നിന്ന് പരിപൂർണ്ണമായും ശൂന്യമാകരുത്. നമ്മുടെ ഹൃദയവും അതുപോലെതന്നെ മസ്തിഷ്കവും ശൂന്യമാണെങ്കിൽ നമ്മൾ ലോകത്ത് അസമാധാനം ഉണ്ടാക്കുന്നവരായിത്തീരും. സമാധാനം ഉണ്ടാക്കുന്നവരിൽ നബി(സ)തിരുമേനികൊണ്ട് വന്നിട്ടുള്ള ആ സന്ദേശത്തെ നടപ്പിൽ വരുത്തുന്നവരായി നാം ആയിത്തീരുന്നതല്ല. ഒരുപാട് നാം ചിന്തിക്കേണ്ട ഘട്ടമാണിത്. ഒരുപാട് നാം മനസ്സിലാക്കണം. ഒരുപാട് നമ്മളെ ചിന്താകുലരാക്കുന്ന ഒരു സന്ദർഭമാണിത്. ഓരോ അഹ്മദിയും ഇത് മനസ്സിലാക്കേണ്ടത് യഥാർഥ സമാധാനം ലോകത്ത് ഉണ്ടാക്കുന്നതിനുവേണ്ടി ഏകനായ അല്ലാഹുവുമായിട്ടുള്ള നമ്മുടെ വിശ്വാസത്തെ നാം ദൃഢീകരിക്കണം. അല്ലാഹുവുമായിട്ടുള്ള സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിക്കണം. മറ്റൊരു സ്നേഹവും അതിനുപകരമായി ഉണ്ടാകാൻ പാടില്ല. അവന്റെ കൽപനകൾ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിന് നബി(സ)തിരുമേനിമേനിയുടെമേൽ ഇറങ്ങിയിട്ടുള്ള സന്ദേശത്തെ അതായത് വിശുദ്ധ ഖുർആനിനെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക. നമ്മുടെ നിലവാരം ഈ അവസ്ഥയിൽ എത്തുകയാണെങ്കിൽ, വിശുദ്ധ ഖുർആനിന്റെ ഓരോ കൽപനയും നബി(സ)തിരുമേനിയുടെ ഓരോ നിർദേശവും നമ്മുടെ വാക്കിന്റേയും പ്രവർത്തിയുടേയും ഭാഗമായിത്തീരുകയാണെങ്കിൽ മാത്രമേ ലോകത്ത് ഇസ്ലാമിന്റെ യഥാർഥ സമാധാനസന്ദേശം എത്തിക്കാൻ സാധിക്കുകയുള്ളു. അവർക്ക് യഥാർഥ സമാധാനത്തിന്റെ ആ രഹസ്യം, സന്ദേശം സമർപ്പിച്ചുകൊണ്ട് നമ്മുടെ കർമങ്ങൾകൊണ്ട് നമുക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കുകയുള്ളു. ഇത് തന്നെയാണ് ലോകത്ത് യഥാർഥ സമാധാനം സ്ഥാപിക്കുതിനുള്ള മാർഗം. ഇതുതന്നെയാണ് നബി(സ)തിരുമേനിയെ ലോകത്ത് സമാധാനത്തിന്റെ ഏറ്റവും വലിയ വക്താവാണ് എന്ന് സ്ഥാപിക്കുന്നതിനുള്ള മാർഗം. ഇങ്ങനെയാണ് ഇസ്ലാമിനെതിൽ ആരോപണം ഉന്നയിക്കുവരുടെ വായടക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് ഈ പ്രവർത്തനം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. നമ്മളും നമ്മുടെ വീടുകളുടെ ഉള്ളിൽ നിന്ന് തുടങ്ങി അന്താരാഷ്ട്രതലംവരെ ഇതനുസരിച്ച് നമ്മുടെ ഭാഗം നമ്മൾ ചെയ്തുതീർക്കുന്നില്ലെങ്കിൽ, നമുക്ക് സമാധാനത്തിൽ കഴിയാൻ കഴിയുമെന്ന് ഒരു ജാമ്യവുമില്ല. നമ്മുടെ തലമുറയ്ക്കും സമാധാനത്തിന് ജാമ്യമുണ്ടാകുന്നതല്ല. ലോകത്തിനും സമാധാനത്തിനുള്ള ജാമ്യമാകുന്നതല്ല. നമുക്ക് ലോകത്തെ അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്കുള്ള മാർഗമാക്കി നമ്മളെ മാറ്റുമാറാകട്ടെ. അല്ലാഹു നല്ല രീതിയിൽ നമ്മുടെ കടമകൾ നിറവേറ്റുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇനി നമുക്ക് ദുആ ചെയ്യാം ദുആകളിൽ ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ജൽസയുടെ അനുഗ്രഹങ്ങളുടെ ഭാഗമാക്കിത്തീർക്കട്ടെ എന്ന് ദുആ ചെയ്യുക. എല്ലാവരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അവകാശികളാക്കിത്തീർക്കുമാറാകട്ടെ. ലോകത്തിന്റെ അവസ്ഥയിൽ എത്രയും പെട്ടെന്ന് എല്ലാ ഭാഗത്തും സമാധാനത്തിന്റെ ഒരവസ്ഥ ഉണ്ടാകുമാറാകട്ടെ. അങ്ങനെ നമ്മുടെ ജൽസ വീണ്ടും വലിയതലത്തിൽ എല്ലാ തരത്തിലുള്ള ആശങ്കയിൽ നിന്നും മുക്തരായിക്കൊണ്ട് നടത്താൻ നമുക്ക് കഴിയുമാറാകട്ടെ. അങ്ങനെ നമ്മുടെ വൈജ്ഞാനികവും ആത്മീയവുമായിട്ടുള്ള ദാഹം ശമിപ്പിക്കുന്നതിന് കഴിയുമാറാകട്ടെ. യഥാർഥത്തിൽ നമ്മുടെ ജീവിതത്തിൽ ഈ ഇസ്ലാമിന്റെ അധ്യാപനം അനുസരിച്ച് മാറ്റുന്നതിന് അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ സ്നേഹവും അവന്റെ അനുഗ്രഹങ്ങളും നമുക്ക് സ്വായത്തമാക്കാൻ കഴിയുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ദുആ ചെയ്യാം

ജർമൻ ജൽസയിൽ പങ്കെടുത്ത ആളുകളുടെ എണ്ണം. ആദ്യം ഞാൻ ഹാജർ പറഞ്ഞതിനു ശേഷം നിങ്ങൾക്ക് നഅ്റെ വിളിക്കാം. മൊത്തം ഹാജർ 19719 ആണ്. 4000 ൽ അധികം സ്ത്രീകളും 10000 ത്തിൽ അധികം പുരുഷന്മാരും പങ്കെടുത്തിട്ടുണ്ട്. കൂടാതെ മറ്റ് പല രീതിയിലും ഈ ജൽസയിൽ പങ്കെടുക്കുകയും ഭാഗഭാക്കാകയും ചെയ്യുന്നുണ്ട്. അതും 40000 ത്തിൽ അധികമാണ്.

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

(പേജ് 8ൽനിന്ന്)

യായും ശിക്ഷാർഹനാക്കുന്നു. ഇക്കാലത്ത് കോലാഹലങ്ങൾ ഉണ്ടാക്കുന്നവരുടെ ഉപദ്രവങ്ങളിൽ നിന്ന് ഓരോ അഹ്മദിയേയും കാത്തുരക്ഷിക്കുമാറാകട്ടെ. അവരുടെ അക്രമം അവരിലേക്കുതന്നെ തിരിച്ചു വിടുമാറാകട്ടെ. നമുക്ക് യഥാർഥമായ നിലയിൽ വിശുദ്ധ ഖുർആനിനെ മനസ്സിലാക്കുന്നതിനും അതിനുവേണ്ടി പ്രവർത്തിക്കുന്നതിനും തൗഫീഖ് നല്കുമാറാകട്ടെ.

പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും പാക്കിസ്താനിലെ പൊതുവായ അവസ്ഥയ്ക്കുവേണ്ടിയും ദുആ ചെയ്യുക. ബുർക്കിനോ ഫാസോയിലെ അഹ്മദികൾക്കായും അവിടുത്തെ പൊതുവായ അവസ്ഥക്കുവേണ്ടിയും ദുആ ചെയ്യുക.ബംഗ്ലാദ്ശിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവരേയും കാത്തു രക്ഷിക്കുമാറാകട്ടെ. അവിടെ ഇന്ന് മൗലവിമാർ കുഴപ്പമുണ്ടാക്കേണ്ടതായിരുന്നു. ലോകത്ത് എവിടെയൊക്കെ അഹ്മദികളുണ്ടോ അവർക്കെല്ലാംവേണ്ടി ദുആ ചെയ്യുക. റമളാനും തുടങ്ങാറായി. ഞാൻ പറഞ്ഞതുപോലെ റമളാനിൽ വിശേഷിച്ചും വിശുദ്ധ ഖുർആൻ ഓതുന്നതിലേക്കും മനസ്സിലാക്കുന്നതിലേക്കും ശ്രദ്ധ ചെലുത്തുന്നതോടൊപ്പം ദുആകളിലും ശ്രദ്ധിക്കുക. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. റമളാനിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നതിന് സൗഭാഗ്യം തന്നരളുമാറാകട്ടെ.

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 6 ശനിയാഴ്ച**

**ജൽസാ സാലാന ജർമനി 2015**

**ലജ്നാ സെഷൻ**

**അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം**

**തുടർച്ച.....**

എന്നാൽ, ലക്ഷ്യഹീനവും നിഷ്ഫലവുമായ വഴികളാണിവ. ഇവരുടെ സ്വാതന്ത്ര്യത്തിനു പിന്നിൽ ഞാൻ പറഞ്ഞതുപോലെ ഇവരുടെ ഹൃദയങ്ങളുടെ വേവലാതികളുടെ മൂടുപടമാണ് അണിയിക്കാൻ ശ്രമിക്കുന്നത്. ഇവരുടെ ഹൃത്തിടങ്ങളിലേക്ക് ദൃഷ്ടിപായിച്ചാൽ ഭീകരമായ കാഴ്ചകൾ ഗോചരമാകുന്നതാണ്. ഇവരുടെ മനസ്സിന്റെ വേവലാതികൾ ക്ലബ്ബുകളിലേക്ക് ഇവരെ ആനയിക്കുന്നു. മദ്യശാലകളിലേക്ക് തെളിക്കുന്നു. മയക്കുമരുന്നുകളുടെ അടിമകളാക്കുന്നു. ഭൗതികത തന്നെയാണ് എല്ലാമെങ്കിൽ പിന്നെ ഇവർ കണക്കുകൾ പുറത്തു വിടുന്നതെന്തിന്? ജീവിത നിലവാരം ഉയർന്നു നിൽക്കുന്ന രാജ്യങ്ങളിൽ ആത്മഹത്യകൾ പെരുകുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ഹൃദയങ്ങളിൽ നിലനില്ക്കുന്ന അസ്വസ്ഥതകൾ സ്ഥിരീകരിക്കുന്ന കാര്യങ്ങളാണ് ഇവയെല്ലാം. മനസ്സുകളിൽ നില നില്ക്കുന്ന വേവലാതികൾ നീങ്ങണമെങ്കിൽ ദൈവം മുന്നോട്ട് വെച്ചിട്ടുള്ള മൂലകാര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. അല്ലാഹു പറയുന്നു: *അല്ലദീന ആമനൂ വ തത്‌മഇന്നു ഖുലൂബുഹും ബി ദിക്‌രില്ലാഹ്*(13:29)കേൾക്കുക, അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയൊന്നുകൊണ്ട് മാത്രമേ ഹൃദയങ്ങൾ ശാന്തി പ്രാപിക്കുകയുള്ളൂ.

എത്രയധികം ഒരാൾ ദൈവത്തിലേക്ക് ചായുമോ, അവനെ ഓർക്കുമോ അത്രയധികം അയാളുടെ ഹൃദയത്തിന് ശാന്തി കൈവരും. മനുഷ്യപ്രകൃതിയുടെ തേട്ടവും ഇതാണ്. ഹൃദയസമാധാനത്തിന് ദൈവത്തിലേക്ക് പോവുക. ഭൗതികതക്കു വേണ്ടിയുള്ള ത്വര ഹൃദയങ്ങളെ അസ്വസ്ഥമാക്കുന്നു. ഇതു മുഖേന ഹൃദയങ്ങൾക്ക് സ്വസ്ഥത ലഭിക്കില്ല. ലോകം ഇക്കാര്യം മനസ്സിലാക്കാൻ ദൈവം തുണക്കുമാറാകട്ടെ. സർവ്വോപരി നാം മനസ്സിലാക്കുന്നവരാകണം. തദ്വാര ലോകം ഈ അഴുക്കിൽനിന്നും വേവലാതിയിൽനിന്നും പുറത്തു വരുമാറാകട്ടെ. യഥാർഥ സ്വാതന്ത്ര്യം ലോകത്തിന് നാം നല്കേണ്ടതുണ്ട്. ഈ സ്വാതന്ത്ര്യം ദൈവത്തിന്റെ അടിമത്തവും അനുസരണവും സ്വീകരിക്കുന്നതിൽ തന്നെയാണ് നിലകൊള്ളുന്നത്.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) ഒരു സ്ഥലത്ത് പറയുന്നു: അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയാണ് ഹൃദയങ്ങൾക്ക് ശാന്തി പ്രാപ്തമാകുന്നത് എന്നാണ് ഖുർആനിൽനിന്ന് മനസ്സിലാകുന്നത്. *അല്ലദീന ആമനൂ വ തത്‌മഇന്നു ഖുലൂബുഹും*(13:29) എന്ന് അവർ വ്യക്തമാക്കുന്നതു പോലെ. അതുകൊണ്ട് സാധ്യമാകുന്നിടത്തോളം ദൈവസ്മരണ നിലനിറുത്തുക. തന്മൂലം ശാന്തി പ്രാപ്തമാകും. ഇതിനു വേണ്ടി ക്ഷമയും അധ്വാനവും ആവശ്യമാണ്. പരിഭ്രമിച്ചു പോവുകയാണെങ്കിൽ ക്ഷീണിച്ചു പോവുകയാണെങ്കിൽ പിന്നെ ശാന്തി കൈവരിക്കുക സാധ്യമല്ല. അതുകൊണ്ട് ക്ഷമയും സ്ഥൈര്യവും ശീലമാക്കൽ നിബന്ധനയാണ്.''

മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു ''അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ ഹൃദയങ്ങൾ ശാന്തി കൈവരിക്കുന്നു. എന്നാൽ, മനുഷ്യന് സത്യസന്ധമായ നിഷ്കളങ്കതയോടും പൂർണ കൂറോടുംകൂടി അല്ലാഹുവിനെ ഓർക്കണം എന്നത് അതിന്റെ പിന്നിലുള്ള യാഥാർഥ്യവും തത്ത്വവുമാണ്. ഓരോ നിമിഷവും അവന്റെ മുന്നിൽ നിലകൊള്ളുന്നു എന്ന ദൃഢത സ്വന്തം വ്യക്തിത്വത്തിലുണ്ടാകണം. ദൈവികമഹത്ത്വത്തെ മുൻനിറുത്തിയുള്ള ഭയം ഉണ്ടാകണം. പ്രസ്തുത ഭയം അവനെ നിഷിദ്ധകാര്യങ്ങളിൽനിന്നും വിരോധിത കാര്യങ്ങളിൽനിന്നും രക്ഷിക്കുന്നു. മനുഷ്യൻ സൂക്ഷ്മതയിലും പരിശുദ്ധിയിലും പുരോഗതി കൈവരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ യാഥാർഥ്യമാണിത്. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ഇതാണ്. അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിക്കുക. അവൻ നല്കിയ കൽപനകൾക്കനുസരിച്ച് പ്രവർത്തിക്കുക. ഇത് അവനെ സ്മരിക്കുന്നതിലൂടെയും അവനെ കുറിച്ചുള്ള ഓർമ നിലനിറുത്തുന്നതിലൂടെയുമാണ് സാധ്യമാകുന്നത്. കേവലം ഹൃദയങ്ങളുടെ ശാന്തി കൈവരിക്കാനുള്ള കോപ്പുകൾ മാത്രമല്ല സജ്ജമാകുന്നത്. പ്രത്യുത ഭൗതികർ പുതുകാലത്തെ പ്രകാശമെന്ന് കരുതുന്ന, ദൈവത്തിന്റെ ദൃഷ്ടിയിൽ നാശക്കുഴിയിൽ തള്ളുന്നതായ നിഷിദ്ധ കാര്യങ്ങളിൽനിന്ന് മനുഷ്യന് രക്ഷ നല്കുന്നു. വിലക്കപ്പെട്ട കാര്യങ്ങളിൽനിന്നും ചെയ്യരുതെന്ന് ദൈവം വിലക്കിയ കാര്യങ്ങളിൽനിന്നും ഓരോ വിശ്വാസിയും വിശ്വാസിനിയും ദൈവിക സ്മരണയിലൂടെ മുക്തി പ്രാപിക്കുന്നു. സ്വന്തമായി താൻ ജമാഅത്തിലാണെന്ന് എണ്ണുന്നവർ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) ആഗ്രഹിച്ചിരുന്ന യഥാർഥ അഹ്മദികളിൽ എണ്ണപ്പെടാനാണ് ശ്രമിക്കേണ്ടത്. കേവലം വാദിക്കുന്നതിൽ മാത്രം ഒതുങ്ങാതെ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ അനുസരണ പ്രതിജ്ഞയിൽ വന്നുകൊണ്ട് യഥാർഥ അവസ്ഥയെ പ്രകടമാക്കേണ്ടതുണ്ട്. നാമമാത്രമായ ഭൗതിക സ്വാതന്ത്ര്യത്തിൽനിന്നും അലങ്കാരങ്ങളിൽനിന്നും തന്നെ വിടുവിച്ചുകൊണ്ട് യഥാർഥ വിശ്വാസിയാക്കുക. ഇതു തന്നെയാണ് നമ്മുടെ ദൗത്യം. തന്നെ രക്ഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ യഥാർഥവിശ്വാസി നാമാകണം.

ഒരു കാര്യം കൂടി ഞാൻ പറയട്ടെ, കേവലം വിജ്ഞാനപരമായ കാര്യങ്ങൾ മാത്രമല്ല ഞാൻ പറയുന്നത്. ഈ കുറിപ്പടികൾ പരീക്ഷിച്ച് മനഃസമാധാനം കൈവരിച്ച ധാരാളം പേർ ജമാഅത്തിലുണ്ട്. കൈവരിച്ചു വരുന്നുമുണ്ട്. ഇത് കേവലം ഊഹത്തിലധിഷ്ഠിതമായ കാര്യമല്ല. ഉന്നതനായ അല്ലാഹുവിന്റെ അനുസരണ വൃത്തത്തിൽനിന്ന് പുറത്തു കടക്കുന്നവർക്ക് അസ്വസ്ഥതകൾ ഉണ്ടാകുന്നു. എന്നല്ല, ധാരാളം സ്ത്രീ പുരുഷന്മാർ എനിക്ക് എഴുതുന്നു, 'ഈ ഭൗതിക അലങ്കാരങ്ങളിൽപെട്ട് സ്വാതന്ത്ര്യമെന്നും സാമൂഹിക പുരോഗതിയെന്നും ധരിച്ച് വശായി അതിൽ മുങ്ങിപ്പോയ തങ്ങൾക്ക് സംഭവിച്ചത് യഥാർഥത്തിൽ ചതിയായിരുന്നു. തെറ്റു സംഭവിച്ചിരിക്കുന്നുവെന്നും ഇപ്പോൾ തങ്ങൾക്ക് ബോധ്യം വന്നിരിക്കുന്നുവെന്നും അതുകൊണ്ട് ക്ഷമിക്കണമെന്നും വീണ്ടും ജമാഅത്തിൽ സ്വീകരിക്കണമെന്നും ഒരിക്കലും അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള അനുസരണത്തിൽനിന്ന് പുറത്തു പോകില്ലെന്നും വാഗ്ദാനം ചെയ്യുന്നതായും അവരെഴുതുന്നു.

അതുകൊണ്ട് ഒരു വിധത്തിലുമുള്ള അപകർഷതാബോധത്തിനും വശംവദരാകേണ്ട ആവശ്യമില്ല. ദീൻ നമ്മോട് എന്താണ് പറയുന്നതെന്ന് നോക്കുക. ആരുടെയെങ്കിലും വീട്ടിൽ വ്യക്തിഗതമായ പ്രശ്നങ്ങളുണ്ടെങ്കിൽ അത് അധ്യാപനമല്ല. മറിച്ച് അയാളുടെ ഗാർഹിക പ്രശ്നങ്ങളാണ്. അല്ലെങ്കിൽ മാതാപിതാക്കളുടെ വിവരമില്ലായ്മയാൽ സംഭവിക്കുന്ന ചില കാര്യങ്ങളാണ്. സ്ത്രീകളോട് നല്ല രീതിയിൽ പെരുമാണമെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു. അവരുടെ വികാരങ്ങളെ മാനിക്കുക. സ്ത്രീകളോട് നീതിയോടുകൂടി പെരുമാറുക. നിക്കാഹിൽ വെച്ചിട്ടുള്ള മഹർ സ്ത്രീ സുരക്ഷ ഉറപ്പു വരുത്താൻവേണ്ടി നിശ്ചയിക്കപ്പെട്ടതാണ്. ത്വലാഖ് ചെയ്യുന്ന സാഹചര്യത്തിൽ സ്ത്രീക്ക് നല്കപ്പെട്ട ധനം തിരിച്ചു വാങ്ങുന്നതിനെ വിലക്കിയിരിക്കുന്നു. നന്മ ചെയ്യുന്നതിനുള്ള പ്രതിഫലം സ്ത്രീ പുരുഷന്മാർക്ക് സമാനമായ നിലയിലാണ് ലഭിക്കുന്നത്. ഒരുവിധ വിവേചനവുമില്ല. സ്ത്രീയുടെ സമ്പാദ്യത്തിൽ പുരുഷന് ഒരു അവകാശവുമില്ല. വീട്ട് ചെലവ് നിർവഹിക്കേണ്ട ഉത്തരവാദിത്വം പുരുഷന്റെ മേലാണ്. സ്ത്രീയുടെ മേലല്ല. മുമ്പേയും ചില സ്ഥലങ്ങളിൽ ഇപ്പോഴും പെൺകുട്ടിയുടെ

### • അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

### • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 20 April 2023 Issue-16

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ജനനത്തിൽ ഭർത്താക്കന്മാരുടേയും അവരുടെ കുടുംബക്കാരുടേയും ഭാഗത്തുനിന്ന് ശരിയല്ലാത്ത രീതികൾ അവലംബിക്കുന്നതായി കാണപ്പെടുന്നു. ഇസ്‌ലാം ഇതിനെ കഠിനമായി അപലപിക്കുന്നു. നിരവധി കൽപനകൾ ഇതുപോലെയുണ്ടെന്ന് ചുരുക്കം. ഇവിടുത്തെ സ്വാതന്ത്ര്യം കണ്ടുകൊണ്ട് അതിൽ രമിക്കുന്നതിനു പകരം ഇസ്‌ലാം നല്കുന്ന സ്വാതന്ത്ര്യം എത്രയാണെന്ന് നോക്കേണ്ടതാണ്. സ്വന്തം ബുദ്ധിയെ ഉപയോഗിച്ചുകൊണ്ട് അല്ലാഹുവിന്റെ കൽപനയുടെ പ്രയോജനങ്ങൾ എത്രയാണെന്ന് ചിന്തിക്കുക. അല്ലാഹുവിന്റെ കൽപനയനുസരിച്ച് ആബിദാത്തും (ആരാധന നിർവഹിക്കുന്നവളും) ഖാനിത്താത്തും (വിനയം പുലർത്തുന്നവളും) ആകുക. അനുസരണമുള്ളവൾ ആകുക. ദീനിന് ഭൗതികതയേക്കാൾ മുൻഗണന നല്കിക്കൊണ്ട് കാലത്തിന്റെ ഇമാമിന്റെ പ്രവർത്തികളുടെ സഹായികളാവാൻ ശ്രമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരാകുക. അല്ലാഹു നിങ്ങളെല്ലാവരേയും അതിനു തുണക്കുമാറാകട്ടെ. ഇനി നമുക്ക് ദുആ ചെയ്യാം

(ഹുദൂർ അൻവർ നല്കിയ ഈ പ്രഭാഷണത്തിന്റെ പൂർണ രൂപം ഇൻശാ അല്ലാഹ് ഭാവിയിൽ വരുന്ന ഏതെങ്കിലും ബദ്ർ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്).

ഹുദൂർ അൻവറിന്റെ ഈ പ്രഭാഷണം 01.25-ന് അവസാനിച്ചു. ശേഷം ദുആക്ക് നേതൃത്വം നല്കി. തുടർന്ന് അറബി, ഉർദു, സ്പാനിഷ്, തുർക്കി, ഇംഗ്ലീഷ്, ബംഗ്ള, കാശ്മീരി, പഞ്ചാബി ഭാഷകളിൽ വിവിധ ലജ്നാ, നാസിറാത്ത് ഗ്രൂപ്പുകൾ പദ്യശകലങ്ങൾ ആലപിച്ചു. ശേഷം കുഞ്ഞുങ്ങൾ ഇരിക്കുന്ന പന്തലിലും ഹുദൂർ പോയി. ഹുദൂറിനെ തങ്ങളുടെ ഇടയിൽ ദർശിച്ച സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും സന്തോഷം കാണേണ്ടതുതന്നെയായിരുന്നു. ഇവിടേയും പ്രിയപ്പെട്ട ഇമാമിന്റെ തിരുസമക്ഷം ദുആകളോടു കൂടിയ പദ്യാലാപനം നടന്നു.

പുരുഷന്മാരുടെ ഹാളിലേക്ക് മടങ്ങിയ ഹുദൂർ ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു.

വൈകുന്നേരം 4 മണിക്ക് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പുരുഷന്മാരുടെ ഹാളിൽ ഉപവിഷ്ഠരായി. ജർമൻ അതിഥികളുമായി കുറച്ചു കാലമായി ജൽസയിൽ നടന്നു വരുന്ന കൂടിക്കാഴ്ചാ പ്രോഗ്രാമിന് തുടക്കമിട്ടു. 1488 ജർമൻ അതിഥികളാണ് ഇതിൽ പങ്കെടുത്തത്. ജർമനിയിൽ താമസമാക്കിയ വിവിധ ജനതകളിൽനിന്നുള്ള 445 അതിഥികളും ഇതിൽ ഭാഗഭാക്കായി. വിവിധ അറബു രാജ്യങ്ങളിൽനിന്നു വന്ന 218 അതിഥികളും ഇവിടെ സന്നിഹിതരായിരുന്നു.

കൂടാതെ ബൾഗേറിയ, മാസിഡോണിയ, തുർക്കി, സെർബിയ, ബോസ്നിയ, അൽബേനിയ, കൊസോവോ, ഇറ്റലി, സ്പെയിൻ, ബെൽജിയം, ലിത്വാനിയ, ക്രൊയേഷ്യ, ഓസ്ട്രിയ, ഹോളണ്ട്, ഫ്രാൻസ്, എസ്റ്റോണിയ, ഹങ്കറി, മോണ്ടിനെഗ്രോ രാജ്യങ്ങളിൽ നിന്നും വന്ന അതിഥികളും ഇതിന്റെ ഭാഗമായി. ഹുദൂറിന്റെ വരവോടെ ഈ പരിപാടിയുടെ ഒടുവിലത്തെ സെഷന് തുടക്കമായി. വിശുദ്ധ ഖുർആൻ പാരായണവും തുടർന്ന് അതിന്റെ ജർമൻ തർജമയും അവതരിപ്പിച്ചു. 04.15ന് ഹുദൂർ സദസ്സിനെ അഭിമുഖീകരിച്ച് അനുഗ്രഹ പ്രഭാഷണം നടത്തി.

**ഹുദൂറിന്റെ പ്രഭാഷണം**

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ എന്നതിനു ശേഷം ഹുദൂർ സദസ്സിനെ അഭിസംബോധന ചെയ്തു.

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.*

നിങ്ങളെല്ലാവരും സമാധാനത്തിലായിരിക്കുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങളെല്ലാവരുടെയുംമേൽ വർഷിക്കുമാറാകട്ടെ.

ഏറ്റവും പ്രാഥമികമായി ഞാനെന്റെ അനഹ്മദി അതിഥികൾക്ക് ഹൃദ്യമായ കൃതജ്ഞത രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ജമാഅത്തംഗം അല്ലാതിരുന്നിട്ടും ഞങ്ങളുടെ ജൽസയിൽ നിങ്ങളുടെ സാന്നിധ്യം ഉണ്ടാകുന്നു. ഇന്നത്തെ പ്രഭാഷണത്തിൽ ഇസ്‌ലാം മത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്(സ)ന്റെ ചരിത്രവുമായി ബന്ധപ്പെട്ട് സംക്ഷിപ്തമായി ഞാൻ സംസാരിക്കാം. ലോകത്ത് ശാശ്വത സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി ആ മഹാത്മാവ് നിർവഹിച്ച അചഞ്ചലമായ പരിശ്രമത്തെ കുറിച്ച് വെളിച്ചം വീശാം.

‘‘ലോകസമാധാനം തകർക്കുന്ന ഇന്നത്തെ നിരവധി മുസ്‌ലിം നാമധാരികളെ കുറിച്ച് കേൾക്കുമ്പോൾ ഒരുപക്ഷേ, നിങ്ങൾ വിസ്മയിച്ചേക്കാം. ഇവർ തങ്ങളുടെ തീവ്രവാദ നീക്കങ്ങളെ വിശുദ്ധ ഖുർആനുമായും തിരുദൂതരുമായും ബന്ധപ്പെടുത്താൻ ശ്രമിക്കുന്നുവെന്ന്. തികച്ചും അവിവേകത്തോടെ കുഴപ്പവും ഭീകരതയും ഒരു ഭാഗത്ത് വ്യാപിപ്പിക്കുകയും മറു ഭാഗത്ത് തങ്ങളുടെ പ്രവർത്തികൾ യഥാ ർഥ ഇസ്‌ലാമിക അധ്യാപനങ്ങളിൽ അധിഷ്ഠിതമാണെന്ന് വാദിക്കുകയും ചെയ്യുന്നു.

ഇക്കാര്യങ്ങൾ കേൾക്കുമ്പോൾ മറ്റൊരു കാര്യം നിങ്ങളെ വിസ്മയിപ്പിക്കും. മുസ്‌ലിം നാമധാരികളായ ഇവർ നടത്തുന്ന കുഴപ്പവും തീവ്രവാദവും കാണുമ്പോൾ എന്റേയും നിശ്ചയമായും ഓരോ അഹ്മദിയുടേയും ഇസ്‌ലാമിലുള്ള വിശ്വാസം വർധിക്കുന്നു. ഇക്കാര്യം കേൾക്കുമ്പോൾ ഒരു പക്ഷേ, നിങ്ങൾ അസ്വസ്ഥരുമായേക്കാം. ഇതര മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്നുമുള്ള തീവ്രവാദ നീക്കങ്ങൾ ഒരു അഹ്മദി മുസ്‌ലിമിന്റെ വിശ്വാസത്തെ എങ്ങനെ വർധിപ്പിക്കുന്നു എന്ന കാര്യത്തെ ഓർത്ത് വിസ്മയിച്ചേക്കാം. ഇതര മുസ്‌ലിമീങ്ങളെപോലെ അഹ്മദീ മുസ്‌ലിമീങ്ങളും തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നു എന്ന ആശങ്ക നിങ്ങളിൽ ഉണ്ടാകാനും ഇത് പ്രേരകമായേക്കാം. എന്നാൽ, ഈ വിചാരവും ആശങ്കയും തികച്ചും തെറ്റാണ്. ആദ്യം ഞാൻ ഒരു കാര്യം വ്യക്തമാക്കട്ടെ. ലോകത്ത് സമാധാനം വ്യാപിപ്പിക്കുന്നതിന് അഹ്മദീ മുസ്‌ലിമീങ്ങൾ ചെയ്യുന്ന ശ്രമങ്ങൾ തികച്ചും നിഷ്കളങ്കമാണ്. പ്രചരിപ്പിക്കുന്ന കാര്യം എന്താണോ അതുതന്നെ ചെയ്യാൻ എന്നും ശ്രമിച്ചു വരുന്നു. ഞങ്ങളുടെ അകവും പുറവും ഒരുവിധ വൈരുധ്യവും ഉള്ളതല്ല. സത്യസന്ധമായ ഇസ്‌ലാമിക അധ്യാപനങ്ങളെന്ന് ഞങ്ങൾ ഹൃദയാത്മനാ മനസ്സിലാക്കുന്നതെന്തോ അതനുസരിച്ചുതന്നെ ജീവിതം നയിക്കുന്നു. മറ്റൊരു കാര്യം കൂടി ഞാൻ വിശദമാക്കാനാഗ്രഹിക്കുന്നു. സമാധാനത്തിനും സുരക്ഷയ്ക്കും എല്ലാവരോടും സ്നേഹം എന്ന കാര്യങ്ങൾക്കു വേണ്ടി അഹ്മദീ മുസ്‌ലിമീങ്ങൾ പ്രചാരണം നടത്തുമ്പോൾ ഇതൊരു പുതിയ കാര്യം എന്ന നിലയിലല്ല സമർപ്പിക്കുന്നത്. മറിച്ച്, ഇസ്‌ലാമിന്റെ സത്യസ്വരൂപമായ അധ്യാപനങ്ങൾ തന്നെയാണ് സമർപ്പിക്കുന്നത്. എല്ലാ വശങ്ങളിലൂടെയും ഇസ്‌ലാം സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റേയും ക്ഷമയുടേയും സ്നേഹത്തിന്റേയും മതമാണ്. നിശ്ചയമായും ഇത് ഇസ്‌ലാമിക അധ്യാപനങ്ങൾ തന്നെയാണ്. ഇതു കാരണത്താൽ തന്നെയാണ് മുസ്‌ലിമീങ്ങളോടും അമുസ്‌ലിമീങ്ങളോടും എല്ലാ ജനവിഭാഗങ്ങളോടും അഹ്മദീ മുസ്‌ലിമീങ്ങൾ സ്നേഹ വികാരം കാത്തു സൂക്ഷിക്കുന്നത്. ഇതു കേവലം ഇസ്‌ലാം കൊണ്ട് മാത്രമാണ് നാം ലോകത്ത് യഥാർഥ സമാധാനം വേണമെന്ന് ആഗ്രഹിക്കുന്നത്. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സാധ്യമായ ഓരോ ശ്രമവും നടത്തി വരുന്നതും. പ്രത്യക്ഷമായ ഈ വൈരുധ്യവും ഭിന്നതകളും കാരണത്താൽ അനാവശ്യമായ പ്രയാസത്തിലും അസ്വസ്ഥതയിലും നിങ്ങളെ പരീക്ഷണവിധേയമാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അതായത്, ഒരു ഭാഗത്ത് അഹ്മദീ മുസ്‌ലിമീങ്ങൾ ഇതര മുസ്‌ലിമീങ്ങളുടെ തീവ്രവാദപരമായ നീക്കങ്ങളെ അപലപിക്കുകയും മറു ഭാഗത്ത് ഇത്തരത്തിലുള്ള നീക്കങ്ങൾ വിശ്വാസത്തിന് ശക്തി പകരാൻ ഹേതുവാകുന്നു എന്ന് പറയുകയും ചെയ്യുക. ഇതിനെ വിശദമാക്കാനും മനസ്സിലാക്കിത്തരാനും വേണ്ടി ഞാൻ നിങ്ങളെ 1400 വർഷങ്ങൾക്കു മുമ്പേയുള്ള ഹദ്റത്ത് മുഹമ്മദ്(സ)യുടെ കാലഘട്ടത്തിലേക്ക് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. അക്കാലഘട്ടത്തിൽ നബി(സ)തിരുമേനി ഒരു മഹത്തായ പ്രവചനം നടത്തിയിരുന്നു. മുസ്‌ലിമീങ്ങളുടെ മേൽ ആത്മീയാന്ധകാരം പരക്കുന്ന ഒരു കാലഘട്ടം ഉണ്ടാകുമെന്നതായിരുന്നു ആ പ്രവചനം.

(തുടരും)

## ത്വാലിബെ ദുആ

**‘അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ് വയിൽ നിലകൊള്ളുന്നവർ.’**

**(ജുമുഅ ഖുത്വ്ബ 4-10-2019)**

## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin